# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട പ്രസ്താവന</u>

207 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട് കേന്ദ്രമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കേസ് രാഷ്ട്രീയപ്രേരിതമല്ലെന്നും വ്യക്തിപരവും സ്വാർത്ഥ ലാഭത്തിന് വേണ്ടി ചെയ്തതാണെന്നുമുള്ള ഡി.ജി.പി യുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

**ചന്ദ്രശേഖരൻ വധക്കേസിനെ സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര സഹമന്ത്രിയുടെ പ്രസ്താവന**

208 **ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചന്ദ്രശേഖരൻ വധക്കേസിൽ സി.പി.ഐ.(എം)-ന്റെ മുതിർന്ന നേതാക്കളെ കുടുക്കിയില്ലെങ്കിൽ അന്വേഷണം സി.ബി.ഐ.ക്ക് വിടുമെന്ന കേന്ദ്ര ആഭ്യന്തര സഹമന്ത്രിയുടെ പ്രസ്താവനയെശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്രമന്ത്രിയുടെ പ്രസ്താവനയ്ക്കാധാരമായി അദ്ദേഹത്തിന് ഔദ്യോഗികമായി ലഭിച്ച എന്തെങ്കിലും റിപ്പോർട്ടോ അദ്ദേഹത്തിന്റെ കയ്യിലുള്ളതായ എന്തെങ്കിലും തെളിവുകളോ സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) സംഭവം നടന്ന് അൽപസമയത്തിനകം തന്നെ കേന്ദ്ര ആഭ്യന്തര സഹമന്ത്രി നടത്തിയ പ്രതികരണത്തിൽ സി.പി.ഐ.(എം)-നെ കുറ്റപ്പെടുത്തിയത് അദ്ദേഹത്തിന്റെ കയ്യിലുള്ള എന്തെല്ലാം തെളിവുകളുടെ അടിസ്ഥാനത്തിലാണെന്ന് അന്വേഷണസംഘത്തെ അറിയിച്ചിട്ടുണ്ടോ;

(ഡി) സംഭവവുമായി ബന്ധപ്പെട്ട് കേന്ദ്ര ആഭ്യന്തര സഹമന്ത്രി സംസ്ഥാന ആഭ്യന്തര വകുപ്പിന് എന്തെങ്കിലും വിവരങ്ങൾ നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ടി. പി. ചന്ദ്രശേഖരൻ വധം</u>

209 **ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ടി. പി. ചന്ദ്രശേഖരന് നേരെ വധഗൂഡാലോചന നടക്കുന്നതായോ ജീവന് ഭീഷണിയുള്ളതായോ കേന്ദ്ര ആഭ്യന്തര സഹമന്ത്രി സംസ്ഥാനത്ത് ഉത്തരവാദപ്പെട്ട ആരെയെങ്കിലും അറിയിച്ചിരുന്നുവോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

**ടി. പി. ചന്ദ്രശേഖരൻ വധം - അന്വേഷണത്തിന്റെ വിശദാംശങ്ങൾ**

210 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**
**,, എ. കെ. ബാലൻ**
**ശ്രീമതി കെ. കെ. ലതിക**
**ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ വധിക്കപ്പെട്ട സംഭവുമായി ബന്ധപ്പെട്ട പോലീസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; അന്വേഷണ സംഘത്തിലെ പോലീസ് ഉദ്യോഗസ്ഥന്മാർ ആരൊക്കെയാണ്; ഈ സംഘം വടകരയിൽ ഒരു പ്രത്യേക കേന്ദ്രത്തിലാണോ പ്രവർത്തിക്കുന്നത്; കസ്റ്റഡിയിൽ എടുക്കുന്നവരെ ചോദ്യം ചെയ്യുന്നത് പ്രസ്തുത കേന്ദ്രത്തിലാണോ; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സംഭവത്തിലെ കൊലയാളികളെ തിരിച്ചറിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരിൽ ആരെയെങ്കിലും ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ടോ; കൊല നടത്തിയ സംഘത്തിൽ എത്രപേർ ഉണ്ടെന്നാണ് പോലീസ് കണ്ടെത്തിയത്; പിടികിട്ടാത്തവരെക്കുറിച്ച് എന്തെങ്കിലും സൂചനകൾ ലഭ്യമായിട്ടുണ്ടോ;

(സി) അന്വേഷണ പുരോഗതിയും അറസ്റ്റ് ചെയ്യപ്പെട്ടവരുടെ മൊഴികളും അതാത് സമയം പത്ര ദൃശ്യ മാധ്യമങ്ങൾക്ക് അന്വേഷണസംഘം വെളിപ്പെടുത്തിക്കൊടുത്തിട്ടുണ്ടോ;

(ഡി) അന്വേഷണ സംഘം വെളിപ്പെടുത്തിയതെന്ന നിലയിൽ മാധ്യമങ്ങൾ പ്രസിദ്ധീകരിച്ച അറസ്റ്റ് ചെയ്യപ്പെട്ടവരുടെ മൊഴികളും അന്വേഷണ വിവരങ്ങളും അന്വേഷണസംഘത്തിന്റെ അറിവോടുകൂടിയതാണോ എന്ന് വ്യക്തമാക്കുമോ;

(ഇ) സംഭവത്തിനുത്തരവാദികൾ ആരെല്ലാമാണ് എന്ന നിലയിൽ കേന്ദ്ര ആഭ്യന്തര സഹമന്ത്രി ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ നടത്തിയ പ്രസ്താവനകൾ അന്വേഷണ സംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ചന്ദ്രശേഖരന്റെ വധം</u>

211 ശ്രീ. എ.കെ. ബാലന്‍
,, എളമരം കരീം
,, പി. ശ്രീരാമകൃഷ്ണന്‍
,, കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ചന്ദ്രശേഖരന്റെ വധവുമായി ബന്ധപ്പെട്ട് മെയ് 5-ാം തീയതി അന്വേഷണ ഉദ്യോഗസ്ഥരുമായി കോഴിക്കോട് ഗവണ്‍മെന്റ് ഗസ്റ്റ് ഹൗസിലെ മുറിയില്‍ ആഭ്യന്തരമന്ത്രി നടത്തിയ ചര്‍ച്ചയില്‍, കെ. പി. സി. സി. പ്രസിഡന്റ് രമേശ് ചെന്നിത്തല പങ്കെടുത്തിരുന്നുവോ; എങ്കില്‍ യോഗത്തില്‍ എന്തെല്ലാം കാര്യങ്ങള്‍ ചര്‍ച്ച ചെയ്യുകയുണ്ടായി എന്ന് വെളിപ്പെടുത്താമോ; പ്രസ്തുത ചര്‍ച്ചയില്‍ അന്വേഷണ സംഘത്തിലെ ഏതെല്ലാം ഓഫീസര്‍മാര്‍ പങ്കെടുക്കുകയുണ്ടായി എന്ന് വ്യക്തമാക്കാമോ;

(ബി) ശ്രീ. രമേശ് ചെന്നിത്തല യോഗത്തില്‍ ഉന്നയിച്ച ആവശ്യങ്ങള്‍ വെളിപ്പെടുത്താമോ;

(സി) കേന്ദ്ര ആഭ്യന്തര സഹമന്ത്രി ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രന്‍ ടി.പി വധക്കേസില്‍ ഇടപെടുന്നതും അന്വേഷണത്തില്‍ ഇനി പിടികിട്ടേണ്ടവരെക്കുറിച്ച് സൂചിപ്പിക്കുന്നതും കേസ് പുരോഗതിയെക്കുറിച്ച് പത്രസമ്മേളനം നടത്തുന്നതും സംസ്ഥാന സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) കേന്ദ്ര ആഭ്യന്തര സഹമന്ത്രിയുടെ ഈ നടപടി ഭരണഘടനാപരമായ അവകാശങ്ങളുടെ ലംഘനമാണോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**ടി. പി. ചന്ദ്രശേഖരന്റെ കൊലപാതകത്തിനുശേഷം നടന്ന ആക്രമണ സംഭവങ്ങൾ**

212 ശ്രീ. എളമരം കരീം
,, എ. പ്രദീപ്കുമാർ
,, കെ. ദാസൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ കൊല ചെയ്യപ്പെട്ട മെയ് 4-ന് ശേഷം വടകര മേഖലയിൽ അരങ്ങേറിയ ആക്രമണ സംഭവങ്ങൾ നിയന്ത്രണവിധേയമായിട്ടുണ്ടോ ;

(ബി) കൊലപാതകത്തെ തുടർന്ന് മന്ത്രിമാരുടെ പ്രസ്താവനകളുടെയും ഇടപെടലുകളുടെയും ഫലമായി സി. പി. ഐ.(എം) പ്രവർത്തകർക്കെതിരെ ആക്രമണങ്ങൾ സംഘടിപ്പിക്കപ്പെട്ടതും പോലീസ് മൗനം പാലിച്ചതും സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആക്രമണസംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സമാധാനയോഗം വിളിച്ചു ചേർക്കുകയുണ്ടായോ ;

(ഡി) ആക്രമണങ്ങളുടെ ഫലമായി വീടുകളും സ്ഥാപനങ്ങളും വാഹനങ്ങളും മറ്റും തകർക്കപ്പെട്ടത് സംബന്ധിച്ച് എത്ര പരാതികൾ വടകര, ചോമ്പാല, എടച്ചേരി പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുകയുണ്ടായി ; എത്ര കേസുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി ; എത്ര പ്രതികളെ അറസ്റ്റ് ചെയ്യുകയുണ്ടായി ; വിശദമാക്കുമോ ;

(ഇ) പരാതികളിൽ പറഞ്ഞ നാശനഷ്ടങ്ങൾ കണക്കാക്കാൻ റവന്യൂ അധികൃതരുടെ സേവനം ആവശ്യപ്പെട്ടിരുന്നോ ; അത്തരത്തിൽ നാശനഷ്ടം കണക്കാക്കിയിട്ടുണ്ടോ ;

(എഫ്) ആക്രമണങ്ങൾ പടരാതിരിക്കാൻ എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>ഒഞ്ചിയത്തെ ടി. പി. ചന്ദ്രശേഖരൻ വധം</u>

213 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഒഞ്ചിയത്തെ ടി. പി. ചന്ദ്രശേഖരൻ വധത്തിൽ ഏതെങ്കിലും രാഷ്ട്രീയ കക്ഷിക്ക് പങ്കുണ്ടോ ; പ്രസ്തുത കേസ്സിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**ചന്ദ്രശേഖരൻ വധക്കേസ് അന്വേഷണവാർത്ത ചോർത്തൽ**

214 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ചന്ദ്രശേഖരൻ വധക്കേസ് അന്വേഷണ സംഘത്തിൽ നിന്നും വാർത്തകൾ മാധ്യമങ്ങൾക്ക് ചോർത്തിക്കൊടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ നടപടി എടുക്കുകയോ, സംഘത്തിൽ നിന്ന് ഒഴിവാക്കുകയോ ചെയ്തിട്ടുണ്ടോ; രഹസ്യങ്ങൾ ചോർത്തിക്കൊടുത്ത ഉദ്യോഗസ്ഥരെ കണ്ടുപിടിക്കാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട മൊഴികളുടെ നിജസ്ഥിതി</u>

215 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട് അഴിയൂരിലെ നിർദ്ദിഷ്ട കുടിവെള്ള ബോട്ട്ലിംഗ് പ്ലാന്റ് ഉടമയായ സുകുമാരനെ പോലീസ് ചോദ്യം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്തവരുടെ മൊഴി എന്ന നിലയിൽ പത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലും വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വാർത്തകളിലെ മൊഴികളുടെ സത്യസന്ധത പരിശോധിച്ചിട്ടുണ്ടോ; ആയതിന്റെ നിജസ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**ചന്ദ്രശേഖരൻ വധം അന്വേഷിക്കുന്ന പ്രത്യേക അന്വേഷണ സംഘം**

216 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചന്ദ്രശേഖരൻ വധം അന്വേഷിക്കുന്ന പ്രത്യേക അന്വേഷണസംഘത്തിലെ പോലീസ് ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരിൽ ആരെങ്കിലും ഏതെങ്കിലും തരത്തിലുള്ള അച്ചടക്ക നടപടിക്ക് വിധേയരായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ നൽകുമോ;

(സി) അന്വേഷണസംഘത്തിൽ നിന്ന് ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്താണ്;

(ഡി) അന്വേഷണസംഘത്തിലെ ഏതെങ്കിലും ഓഫീസർക്ക് ക്രമരഹിതമായി പ്രമോഷൻ ലഭിച്ചതിനെതിരെ പരാതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

ടി. പി. ചന്ദ്രശേഖരൻ വധം -അന്വേഷണ വിവരം

217 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഒഞ്ചിയത്തെ ടി. പി. ചന്ദ്രശേഖരന്റെ കൊലയാളികളെ തിരിച്ചറിഞ്ഞിട്ടുണ്ടോ;

(ബി) കൊല നടത്തിയ സംഘത്തിൽ എത്ര പേരുണ്ടെന്നാണ് പോലീസ് കണ്ടെത്തിയത്;

(സി) ഇവരിൽ ഇനിയും പിടിക്കപ്പെടാത്തവർ ഉണ്ടോ ; അവരെക്കുറിച്ച് എന്തെങ്കിലും സൂചന ലഭിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**ടി. പി. ചന്ദ്രശേഖരൻ വധഭീഷണിയ്ക്കെതിരെ കൈക്കൊണ്ട നടപടി**

**218** **ശ്രീ. എളമരം കരീം**
**,, കെ. ദാസൻ**
**,, കെ. കുഞ്ഞമ്മത് മാസ്റ്റർ**
**,, കെ.കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊലചെയ്യപ്പെട്ട ടി. പി. ചന്ദ്രശേഖരന് വധഭീഷണിയുണ്ടെന്ന് അദ്ദേഹം മുഖ്യമന്ത്രിയെയും കേന്ദ്ര ആഭ്യന്തര സഹമന്ത്രിയേയും അറിയിച്ചിരുന്നുവോ ;

(ബി) എങ്കിൽ ഈ കാര്യത്തിൽ എന്തെല്ലാം സംരക്ഷണ നടപടികൾ കൈക്കൊണ്ടിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) വധഭീഷണി സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്താൻ നടപടി സ്വീകരിച്ചിരുന്നുവോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>ടി. പി. ചന്ദ്രശേഖരന്റെ വധം</u>

219 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ടി. പി. ചന്ദ്രശേഖരന് വധഭീഷണിയുണ്ടെന്ന പോലീസ് ഇന്റലിജൻസ് റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ടി. പി. ചന്ദ്രശേഖരൻ വധക്കേസ്</u>

220 **ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ടി. പി, ചന്ദ്രശേഖരൻ വധക്കേസുമായി ബന്ധപ്പെട്ട് പ്രത്യേക അന്വേഷണ സംഘം എത്ര പേരെ കസ്റ്റഡിയിലെടുത്തു; എത്രപേരെ കോടതിയിൽ ഹാജരാക്കി; കോടതി റിമാന്റ് ചെയ്തവരെത്ര; ഇതിൽ ഇപ്പോൾ ഒരു രാഷ്ട്രീയ പാർട്ടിയുമായും ബന്ധമില്ലാത്തവർ എത്രപേരുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**ടി. പി. ചന്ദ്രശേഖരൻ വധക്കേസ് അന്വേഷണ സംഘത്തിലെ അംഗങ്ങൾ**

221 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ.**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ വധക്കേസ് അന്വേഷണ സംഘത്തിലെ അംഗങ്ങൾ ആരെല്ലാമാണ്;അന്വേഷണത്തിന്റെ ആദ്യഘട്ടത്തിലുണ്ടായിരുന്ന ആരൊക്കെയാണിപ്പോൾ സംഘത്തിൽ ഇല്ലാത്തതെന്ന് വ്യക്തമാക്കാമോ;

(ബി) അന്വേഷണ സംഘത്തിലെ ആരെങ്കിലും അവരുടെ സർവ്വീസ് കാലയളവിൽ അച്ചടക്ക രാഹിത്യത്തിനോ മറ്റോ ശിക്ഷ ലഭിച്ചിട്ടുളളവരാണോ; എങ്കിൽ ആരൊക്കെ ;കുറ്റങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**ചന്ദ്രശേഖരന്‍ വധക്കേസ് കസ്റ്റഡിയിലുള്ളവരെ കാണുന്നതിനുള്ള നിയന്ത്രണം**

**222 ശ്രീ. കെ. ദാസന്‍**

**താഴെ കാണുന്ന ചോദ്യത്തിന്**
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
**സദയം മറുപടി നല്‍കുമോ:**

**ചന്ദ്രശേഖരന്‍ വധത്തില്‍ പോലീസ് കസ്റ്റഡിയിലുളള വരെ കാണാന്‍ ജനപ്രതിനിധികളെ അനുവദിക്കാതിരുന്നിട്ടുണ്ടോ; എങ്കില്‍ ഇതിന് കാരണമെന്ത് എന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

ടി. പി. ചന്ദ്രശേഖരന്റെ കൊലപാതക കേസ് - നടപടി

223 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഓഞ്ചിയത്തെ ടി. പി. ചന്ദ്രശേഖരന്റെ കൊലപാതകത്തിന് പിന്നിലെ ഗൂഢാലോചന പുറത്ത് കൊണ്ട് വരുന്നതിനും സാധിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത കേസിലുൾപ്പെട്ടിട്ടുള്ള മുഴുവൻ പ്രതികളെയും പിടികൂടുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) ജയിലിൽ നിന്ന് പരോളിൽ ഇറങ്ങിയ ആരെങ്കിലും കൃത്യ നിർവ്വഹണത്തിൽ പങ്കാളിയായിട്ടുണ്ടോ ;

(ഡി) പരോളിൽ ഇറങ്ങുന്നവരെ സൂക്ഷ്മ നിരീക്ഷണത്തിന് വിധേയമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) പ്രസ്തുത കേസിലെ അന്വേഷണ ഉദ്യോഗസ്ഥർക്ക് ഏതെങ്കിലും തരത്തിലുള്ള ഭീഷണികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ടി. പി. ചന്ദ്രശേഖരനെ കൊല്ലാൻ ശ്രമിച്ചതു സംബന്ധിച്ച പരാതി</u>

**224** **ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വടകരയിലെ ടി. പി. ചന്ദ്രശേഖരനെ കൊല്ലാൻ ശ്രമിച്ചതിന്റെ പേരിൽ നാളിതുവരെ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) ഏത് പോലീസ് സ്റ്റേഷനിൽ ആരാണ് പരാതി നൽകിയത്;

(സി) പ്രസ്തുത പരാതിയിൻമേൽ കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണം നടത്തുകയും ഉണ്ടായോ ; ആരെയെങ്കിലും അറസ്റ്റ് ചെയ്യുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

**സി. പി. ഐ. (എം) ഒഞ്ചിയം ഏരിയാ സെക്രട്ടറി**
**സി. എച്ച്. അശോകന്റെ അറസ്റ്റ്**

225 ശ്രീ. എ. കെ. ബാലൻ
,, എസ്. ശർമ്മ
,, എ. പ്രദീപ്കുമാർ
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ വധക്കേസുമായി ബന്ധപ്പെട്ട് സി. പി. ഐ.(എം) ഒഞ്ചിയം ഏരിയാ സെക്രട്ടറി സി. എച്ച്. അശോകനെ പോലീസ് അറസ്റ്റ് ചെയ്തത് ആരുടെ മൊഴിയുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) സി. എച്ച്. അശോകന്റെ പേരിൽ ചുമത്തപ്പെട്ട കുറ്റം എന്താണ് ;

(സി) സി. എച്ച്. അശോകൻ ഇതിന് മുമ്പ് ഏതെങ്കിലും കൊലപാതകക്കേസിലോ, കൊലപാതക ശ്രമത്തിലോ പ്രതിയാകുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്തിട്ടുണ്ടോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**പടയംകണ്ടി രവീന്ദ്രന്റെ അറസ്റ്റ്**

**226** **ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരന്റെ വധകേസിൽ ശ്രീ. പടയംകണ്ടി രവീന്ദ്രനെ മെയ് 14 ന് വൈകിട്ട് പോലീസ് കസ്റ്റഡിയിലെടുത്തിരുന്നുവോ;

(ബി) പടയംകണ്ടി രവീന്ദ്രനെ പോലീസ് കോടതിയിൽ ഹാജരാക്കിയത് എപ്പോഴായിരുന്നു;

(സി) രവീന്ദ്രനെ പോലീസ് കസ്റ്റഡിയിൽ മർദ്ദിച്ചതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പോലീസ് കസ്റ്റഡിയിലുള്ളവരുടെ മൊഴികളുടെ റിപ്പോർട്ടിംഗ്</u>

227 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പോലീസ് കസ്റ്റഡിയിലെടുക്കുന്നവരുടെ മൊഴികൾ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒഞ്ചിയത്തെ റ്റി. പി. ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട് കസ്റ്റഡിയിലെടുത്തവരുടെ മൊഴികൾ മാധ്യമങ്ങൾക്ക് കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മൊഴികളാണ് കൊടുത്തിട്ടുള്ളത്; ഇവ അന്വേഷണത്തെ ബാധിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം വാർത്തകൾ മാധ്യമ സൃഷ്ടിയാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ മാധ്യമങ്ങൾക്കെതിരെ നടപടിയെടുക്കുമോ; ഇതുവരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**കേരളത്തിൽ കഴിഞ്ഞ പത്ത് വർഷമായി നടന്ന രാഷ്ട്രീയ കൊലപാതകങ്ങൾ**

228 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കഴിഞ്ഞ പത്ത് വർഷമായി നടന്ന രാഷ്ട്രീയ കൊലപാതകങ്ങളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത കേസ്സുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടതും അല്ലാത്തതുമായ കേസ്സുകളുടെ എണ്ണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസ്സുകളിൽ ഏതെല്ലാം രാഷ്ട്രീയ കക്ഷികളുടെ പ്രവർത്തകർ പ്രതികളായിരുന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**രാഷ്ട്രീയ കൊലപാതക കേസുകളിൽ ഉൾപ്പെട്ട തടവുകാർ**

**229** **ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജയിലുകളിലായി എത്ര തടവുകാരുണ്ട്;

(ബി) അതിൽ രാഷ്ട്രീയ കൊലപാതകങ്ങളുമായി ബന്ധപ്പെട്ട എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 2006-11 കാലയളവിൽ എത്ര തടവുകാർക്ക് ശിക്ഷാകാലാവധി കഴിയുന്നതിനുമുമ്പ് ജയിൽ മോചനം നൽകിയിട്ടുണ്ട്;

(ഡി) അതിൽ രാഷ്ട്രീയ കൊലപാതക കേസുകളിൽ ഉൾപ്പെട്ട തടവുകാർ ഉണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**രാഷ്ട്രീയ കൊലപാതകങ്ങളുടെ അന്വേഷണം**

**230 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാർട്ടി ലിസ്റ്റ് അനുസരിച്ച് രാഷ്ട്രീയ പ്രതിയോഗികളെ വക വരുത്തിയെന്ന സി.പി.ഐ (എം) ഇടുക്കി ജില്ലാ സെക്രട്ടറി ശ്രീ. എം.എം. മണിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് പ്രതികൾ ശിക്ഷിക്കപ്പെടാതെ പോകുന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ വിശദമായ പുനരന്വേഷണത്തിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**കൊലപാതക കേസ്സുകളുടെ അന്വേഷണം**

231 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പേര്‍ കൊലചെയ്യപ്പെടുകയുണ്ടായി; ഇതില്‍ പ്രത്യേക അന്വേഷണ സംഘം അന്വേഷണം നടത്തിയ കേസുകള്‍ എത്രയെന്നും ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) കേന്ദ്രമന്ത്രിയും, മുഖ്യമന്ത്രിയും, മന്ത്രിമാരും കൊല ചെയ്യപ്പെട്ട ആരുടെയെല്ലാം വീടുകള്‍ സന്ദര്‍ശിക്കുകയുണ്ടായി.

(സി) ഏതെല്ലാം കൊലപാതകം സംബന്ധിച്ച ഇന്‍ക്വസ്റ്റ് റിപ്പോര്‍ട്ട് തയ്യാറാക്കുന്ന ഘട്ടത്തില്‍ ആഭ്യന്തര വകുപ്പ് മന്ത്രി ബന്ധപ്പെട്ട ആശുപത്രികളില്‍ നേരിട്ടെത്തുകയുണ്ടായി എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>പട്ടുവത്ത് ഷുക്കൂർ എന്ന യുവാവിന്റെ കൊലപാതകം</u>

232 ശ്രീ. എം. അബ്ദുസ്സമദ് സമദാനി
,, പി. കെ. ബഷീർ
,, കെ. എം. ഷാജി
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിലെ പട്ടുവത്ത് ഷുക്കൂർ എന്ന യുവാവിന്റെ കൊലപാതകം ആസൂത്രണം ചെയ്ത് നടപ്പാക്കിയ രീതിയിൽ, ആവിർഭവിച്ചിട്ടുള്ള മനുഷ്യത്വഹീനവും അക്രമികൾ നിയമം കയ്യാളുന്നതുമായ പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവം സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(സി) അധികാരികളെയും, നേതാക്കളെയും വഴിതടയുക, ബഹിഷ്ക്കരിക്കുക എന്നീ നടപടികൾ ഏതെങ്കിലും രാഷ്ട്രീയ കക്ഷികൾ സമരമാർഗ്ഗമായി സ്വീകരിച്ച് നടപ്പാക്കിയിട്ടുള്ളതായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത്തരം നടപടിയുടെ പേരിൽ അതിലുൾപ്പെടുന്നവരെ ഏതെങ്കിലും കോടതി എപ്പോഴെങ്കിലും വധശിക്ഷയ്ക്ക് വിധിച്ചിട്ടുണ്ടോ;

(ഇ) പ്രതീകാത്മകപ്രതികാര നടപടിയായി വധശിക്ഷ പരസ്യമായി നടപ്പാക്കിയ സംഭവത്തിലെ ഗൂഡാലോചന പുറത്തുകൊണ്ടുവന്ന്, എല്ലാ പ്രതികളെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും സി. ബി. ഐ. അന്വേഷണം ഏർപ്പെടുത്തുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

<u>പട്ടുവം അരിയിൽ ഷുക്കൂറിന്റെ കൊലപാതകം</u>

233

## ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പട്ടുവം അരിയിൽ ഷുക്കൂറിന്റെ കൊലപാതകത്തിലെ മുഴുവൻ പ്രതികളെയും കൂടിയിട്ടുണ്ടോ; ഒരു രാഷ്ട്രീയ പാർട്ടി വിചാരണ നടത്തി ശിക്ഷ വിധിച്ച് പരസ്യ വധശിക്ഷയായാണ് പ്രസ്തുത കൊലപാതകം നടപ്പാക്കിയതെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കേസിൽ ഗൂഢാലോചന നടത്തിയ മുഴുവൻ പ്രതികളെയും നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത കേസ് സി. ബി. ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

**വരവട്ടൂർ പാണനടിയിൽ വീട്ടിൽ ആസിയ എന്ന യുവതിയുടെ കൊലപാതകം**

234 **ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **ചേലക്കര മണ്ഡലത്തിൽ ചെറുതുരുത്തി പോലീസ് സ്റ്റേഷൻ പരിധിയിൽ വരവട്ടൂർ പാണനടിയിൽ വീട്ടിൽ ആസിയ എന്ന യുവതി കൊലചെയ്യപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;**

(ബി) **പ്രസ്തുത കൊലപാതകം സംബന്ധിച്ച് ഇതേവരെ നടന്നിട്ടുളള അന്വേഷണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;**

(സി) **പ്രസ്തുത കേസ്സിൽ കുറ്റവാളികളെ കണ്ടെത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങളും, കണ്ടെത്തുവാൻ കഴിഞ്ഞില്ലെങ്കിൽ അതിനുളള കാരണങ്ങളും വെളിപ്പെടുത്താമോ ?**

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ രാഷ്ട്രീയ കൊലപാതകങ്ങൾ</u>

235 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ ആരെല്ലാമാണ് കൊല്ലപ്പെട്ടിട്ടുള്ളത് എന്നും ഇവരുടെ രാഷ്ട്രീയ ബന്ധം എന്താണെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കൊലപാതകേസ്സുകളിലെ പ്രതികൾ ആരെല്ലാമാണെന്നും ഇവരുടെ രാഷ്ട്രീയ ബന്ധമെന്താണെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ രാഷ്ട്രീയകൊലപാതകങ്ങളുടെ കണക്ക്</u>

236 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത കൊലപാതകങ്ങളിൽ കൊല്ലപ്പെട്ടവരുടെ പേരും, അവരുടെ രാഷ്ട്രീയകക്ഷി ബന്ധവും വെളിപ്പെടുത്താമോ;

(സി) ഈ കൊലപാതകങ്ങളിൽ പ്രതിചേർക്കപ്പെട്ടവരുടെ രാഷ്ട്രീയ കക്ഷി ബന്ധം വെളിപ്പെടുത്താമോ;

(ഡി) ഈ കൊലപാതകക്കേസുകളിൽ ഏതെല്ലാം പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചും, ക്രൈംബ്രാഞ്ചിന് വിട്ടും, സി.ബി.ഐ.ക്കു വിട്ടും അന്വേഷണം നടത്തുന്നുണ്ടെന്ന് വിശദമാക്കാമോ;

(ഇ) ഈ കൊലപാതകകേസുകളിൽ ഇനിയും പ്രതികളെ അറസ്റ്റു ചെയ്യാനുള്ള എത്ര കേസുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**സംസ്ഥാനത്ത് ഈ സർക്കാരിന്റെ കാലത്ത് നടന്ന കൊലപാതകങ്ങൾ**

237 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടക്കുകയുണ്ടായി;

(ബി) കൊല ചെയ്യപ്പെട്ട ഓരോരുത്തരും ഏതെല്ലാം രാഷ്ട്രീയ പാർട്ടികളുമായി ബന്ധപ്പെട്ടിട്ടുള്ളവരായിരുന്നു;

(സി) കൊലചെയ്യപ്പെട്ട ആരുടെയെല്ലാം വീടുകൾ മുഖ്യമന്ത്രിയും ആഭ്യന്തര മന്ത്രിയും കേന്ദ്രആഭ്യന്തര സഹമന്ത്രിയും സന്ദർശിക്കുകയുണ്ടായി;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ സംസ്ഥാത്തുണ്ടായ മൊത്തം കൊലപാതക കേസുകൾ ജില്ല തിരിച്ച് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങൾ</u>

238 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ;

(ബി) ഇതിൽ ഓരോ കൊലപാതകത്തിന്റെയും കാരണം വിശദമാക്കാമോ?

## കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് നടന്ന കവർച്ചകളുടെ വിശദാംശങ്ങൾ</u>

239 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥനത്ത് എത്ര വീടുകളിൽ മോഷണം നടന്നതായി റിപ്പോർട്ടു ചെയ്തിട്ടുണ്ട്; ഇതിൽ എത്ര കേസ്സുകളിൽ പ്രതികളെ കണ്ടെത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത കാലഘട്ടത്തിൽ എത്ര കച്ചവട സ്ഥാപനങ്ങളിലും ബാങ്കുകളുൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിലും കവർച്ച നടന്നിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ കൊലപാതകക്കേസുകൾ</u>

240 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് നടന്നിട്ടുളള കൊലപാതകങ്ങൾ എത്രയാണെന്ന് ജില്ല തിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കേസുകളിൽ, ഇപ്പോഴും അന്വേഷണം പൂർത്തിയാകാത്തവ എത്രയെന്നും, എത്ര കേസ്സുകളിൽ, എത്ര പേരെ വീതം ഇനിയും അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നും വ്യക്തമാക്കുമോ ;

(സി) കൊലപാതകക്കേസുകളിൽ എത്രയെണ്ണം ക്രൈംബ്രാഞ്ച് അന്വേഷിക്കുന്നു; സ്പെഷ്യൽ ടീമുകൾ അന്വേഷിക്കുന്ന കേസുകൾ എത്ര ; അന്വേഷണം സി.ബി.ഐ യ്ക്ക് വിട്ടവ എത്ര; എന്നീ വിവരങ്ങൾ വിശദമാക്കാമോ ;

(ഡി) ഇപ്പോഴും അന്വേഷണം പൂർത്തിയായിട്ടില്ലാത്ത സംസ്ഥാനത്തെ മൊത്തം കൊലപാതക കേസ്സുകളുടെ ജില്ല തിരിച്ചുളള എണ്ണം വെളിപ്പെടുത്താമോ ;

(ഇ) ഇപ്പോഴും അന്വേഷണത്തിലിരിക്കുന്ന മൊത്തം കൊലപാതക കേസ്സുകളിൽ, ഇനിയും അറസ്റ്റ് ചെയ്യപ്പെടാത്തവർ എത്രയെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>കൊലപാതകങ്ങളും കവർച്ചകളും</u>

241 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കേരളത്തിൽ എത്ര കൊലപാതകങ്ങൾ ഉണ്ടായെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് നല്കുമോ ;

(ബി) എത്ര കവർച്ചാ സംഭവങ്ങളാണ് ഈ സർക്കാർ അധികാരമേറ്റശേഷം ഉണ്ടായിട്ടുള്ളതെന്നും ആരാധനാലയങ്ങൾ കവർച്ച ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ എന്നും വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**അക്രമങ്ങളും കൊലപാതകങ്ങളും തടയുന്നതിന് നടപടി**

**242 ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വർദ്ധിച്ചുവരുന്ന അക്രമങ്ങളും കൊലപാതകങ്ങളും തടയുന്നതിന് പുതിയതായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഏത് ജില്ലയിലാണ് 2011-2012-ൽ ഏറ്റവും കൂടുതൽ അക്രമങ്ങളും കൊലപാതകങ്ങളും നടന്നതെന്ന് വ്യക്തമാക്കുമോ;

(സി) അവയിൽ ഏതെല്ലാം കേസുകൾ ഇനിയും തെളിയിക്കപ്പെടാതെ കിടക്കുന്നുണ്ട്?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**ചോമ്പാല, ഇടഞ്ചേരി, വടകര പ്രദേശങ്ങളിലെ ആക്രമണങ്ങൾ**

**243 ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012 മേയ് മാസത്തിൽ കോഴിക്കോട് ജില്ലയിലെ ചോമ്പാല, ഇടഞ്ചേരി, വടകര പോലീസ് സ്റ്റേഷൻ അതിർത്തികളിൽ വീടുകൾക്ക് നേരെ നടന്ന വ്യാപകമായ ആക്രമണങ്ങൾ സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) വീടുകൾ ആക്രമിക്കപ്പെട്ടത് സംബന്ധിച്ച് ഇതിൽ ഓരോ പോലീസ് സ്റ്റേഷനിലും ആകെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഏതെല്ലാം പരാതികളെക്കുറിച്ച് ഇനിയും അന്വേഷണം നടത്തേണ്ടതായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) എത്ര കേസുകളിൽ എഫ്.ഐ.ആർ. തയ്യാറാക്കപ്പെട്ടിട്ടുണ്ട് ; ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് ; എത്ര പ്രതികളെ ഇതിനകം അറസ്റ്റ് ചെയ്യുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>സദാചാര പോലീസ് അക്രമം</u>

244 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സദാചാര പോലീസ് അക്രമവുമായി ബന്ധപ്പെട്ട് എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**സംസ്ഥാനത്തെ മോഷണ/കവർച്ച കേസ്സുകളുടെ എണ്ണം**

**245 ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര പിടിച്ചുപറി, മോഷണം, കവർച്ച എന്നീ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) എത്ര ആരാധനാലയങ്ങളിൽ മോഷണങ്ങളും കവർച്ചയും നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര ഭവനഭേദനകേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര വീടുകളിൽ മോഷണവും, എത്ര വീടുകളിൽ കവർച്ചയും നടന്നിട്ടുണ്ടെന്നും വിശദമാക്കാമോ ;

(ഡി) വീടുകളിൽ മോഷണം കവർച്ചാ ശ്രമത്തിനിടയിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

ധനകാര്യസ്ഥാപനങ്ങളിലെ കവർച്ച

246 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതു വരെ സംസ്ഥാനത്ത് എത്ര ബാങ്കുകളും, ധനകാര്യസ്ഥാപനങ്ങളും കവർച്ച ചെയ്യപ്പെട്ടിട്ടുണ്ടെന്നും അവയിൽ നിന്ന് എത്ര രൂപയും, സ്വർണ്ണവും മറ്റു വില പിടിപ്പുള്ള സാധനങ്ങളും നഷ്ടമായിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

<u>ക്വട്ടേഷന്‍ സംഘങ്ങള്‍ക്കെതിരെയുള്ള കേസ്സുകള്‍</u>

247 ശ്രീ. കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം ഇതേവരെ സംസ്ഥാനത്ത് ക്വട്ടേഷന്‍ സംഘാംഗങ്ങള്‍ നടത്തിയ ആക്രമണ സംഭവങ്ങള്‍ സംബന്ധിച്ച് എത്ര കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്യുകയുണ്ടായി; ക്വട്ടേഷന്‍ സംഘങ്ങളിലെ എത്രപേര്‍ക്കെതിരെ കേസ്സെടുക്കുകയുണ്ടായി; എത്ര കേസ്സുകളില്‍ ക്വട്ടേഷന്‍ സംഘത്തിലെ പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാന്‍ കഴിഞ്ഞിട്ടില്ല;

(ബി) പ്രസ്തുത കാലയളവില്‍ ക്വട്ടേഷന്‍ സംഘത്തില്‍പ്പെട്ട എത്രപേര്‍ കൊല ചെയ്യപ്പെടുകയുണ്ടായി; ഇതില്‍ തലസ്ഥാനത്ത് മാത്രം എത്രപേര്‍ കൊല്ലപ്പെട്ടു;

(സി) പോലീസ് അറസ്റ്റ് ചെയ്ത ക്വട്ടേഷന്‍ സംഘത്തിലുള്ള എത്രപേരെ കോടതി റിമാന്റ് ചെയ്യുകയുണ്ടായി; പോലീസ് വിട്ടയച്ചവര്‍ എത്ര?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**<u>കരുതൽ തടങ്കലിലെ ഗുണ്ടകളുടെ കണക്ക്</u>**

248 ശ്രീ. സികെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര ഗുണ്ടാ അക്രമണങ്ങൾ നടന്നിട്ടുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്കും അവയിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന കണക്കും വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഗൂണ്ടാ ആക്ട് പ്രകാരം എത്രപേർ കരുതൽ തടങ്കലിൽ ഉണ്ടായിരുന്നെന്നും ഇപ്പോൾ എത്രപേർ ഉണ്ടെന്നും വെളിപ്പെടുത്താമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്രപേരെ ഗുണ്ടാ ആക്ട് പ്രകാരം കരുതൽ തടങ്കലിലാക്കിയെന്നും എത്രപേരെ കരുതൽ തടങ്കലിൽ നിന്നൊഴിവാക്കിട്ടുണ്ടെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>നാദാപുരത്തെ ബോംബ് നിർമ്മാണം</u>

249 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാദാപുരത്ത് ബോംബ് നിർമ്മിക്കുന്നതിനിടയിൽ അഞ്ച് പേർ കൊല്ലപ്പെട്ട സംഭവത്തെക്കുറിച്ച് പോലീസ് അന്വേഷണം നടത്തുകയുണ്ടായോ ;

(ബി) മരണപ്പെട്ടവരും ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗും തമ്മിലുള്ള ബന്ധം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) ഇത് സംബന്ധിച്ച പോലീസ് അന്വേഷണത്തിൽ വെളിവാകപ്പെട്ട വസ്തുതകൾ എന്താണെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ആർക്കെല്ലാം എതിരെ കേസെടുത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>സ്ത്രീ - ബാല പീഡന കേസുകൾ</u>

250

### ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതു വരെ സംസ്ഥാനത്ത് എത്ര സ്ത്രീ - ബാലപീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും കുറ്റവാളികളായ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം എത്ര സ്ത്രീകൾ പീഡനം മൂലം കൊല ചെയ്യപ്പെട്ടിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രവണത തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**കുണ്ടറ ടെക്നോലോഡ്ജ് അടിച്ചുതകർത്ത സംഭവം**

251 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുണ്ടറ ടെക്നോലോഡ്ജ് ഒരു കൂട്ടം സാമൂഹ്യവിരുദ്ധർ അടിച്ചുതകർത്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അക്രമികൾക്കെതിരെ കേസ്സെടുത്തിട്ടുണ്ടോ; ഏതെല്ലാം വകുപ്പുപ്രകാരമാണ് കേസ്സെടുത്തിട്ടുള്ളത്; ആരൊക്കെയാണ് പ്രതികൾ;

(സി) സ്ഥിരമായി അക്രമികളെ സഹായിക്കുന്ന തരത്തിലുള്ള നിലപാടുകളാണ് പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള ഓഫീസർമാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>രഘുവിന്റെ കൊലപാതകം സംബന്ധിച്ച കേസ്</u>

252 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാർലമെന്റ് അംഗമായ കെ. സുധാകരന്റെ ഗൺമാൻ കെ.എസ്.ആർ.ടി.സി. ബസ്സ് യാത്രക്കാരനായ രഘു എന്നയാൾ കൊലചെയ്യപ്പെട്ട കേസ്സിൽ പ്രതിയാണെന്ന് സംശയിക്കപ്പെടുന്നുണ്ടോ ; പ്രസ്തുത വ്യക്തി സംഭവം നടക്കുന്നതിനുമുൻപും, ശേഷവും പാർലമെന്റ് അംഗത്തെ ഫോണിൽ വിളിക്കുകയുണ്ടായോ ; ഉണ്ടെങ്കിൽ എത്ര തവണ ഫോണിൽ ബന്ധപ്പെട്ടുവെന്ന് വ്യക്തമാക്കാമോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അന്വേഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) രഘു എന്നയാളെ കൊലപ്പെടുത്തിയ കേസിലെ പ്രതി സുധാകരൻ എം.പി.-യേയും, അതിനുശേഷം സുധാകരൻ എം.പി. മുഖ്യമന്ത്രിയുടെ ആഫീസിലും മുഖ്യമന്ത്രിയുമായും ഫോണിൽ ബന്ധപ്പെട്ടുണ്ടായിരുന്നുവോ എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

## ജയിലുകളിലെ നിയമവിരുദ്ധ പ്രവര്‍ത്തനങ്ങള്‍

253 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ജയിലുകളില്‍ ചില തടവുകാര്‍ക്ക് വഴിവിട്ട സഹായങ്ങളും നിയമ ലംഘനം നടത്തുന്നതിനുള്ള അനുവാദവും ലഭിക്കുന്നു എന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) വിശദാംശങ്ങള്‍ വെളിപ്പെടുത്താമോ;

(സി) ജയിലുകളില്‍ പാര്‍ട്ടി ബ്ലോക്ക് ഉണ്ടാക്കുക, നേതാക്കളുടെയും മറ്റും ചിത്രങ്ങള്‍ ചുമരുകളില്‍ പ്രദര്‍ശിപ്പിക്കുക, മൊബൈല്‍ ഫോണ്‍ ഉപയോഗിക്കുക, ഇഷ്ടപ്പെട്ട ഭക്ഷണങ്ങള്‍ പുറമെ നിന്നും ലഭ്യമാക്കുക, എന്നിവ അവസാനിപ്പിക്കാന്‍ നടപടി സ്വീകരിക്കുമോ;

(ഡി) ഉയര്‍ന്ന ഉദ്യോഗസ്ഥരുടെയും ജയില്‍ കമ്മിറ്റികളുടേയും നേതൃത്വത്തിലുള്ള ജയില്‍ പരിശോധന കുറ്റമറ്റതാക്കാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ജയിലുകളിൽ നിലവിലുള്ള സാഹചര്യം</u>

254 ശ്രീ. സി. മോയീൻകുട്ടി
,, എൻ. എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ പ്രവേശിപ്പിക്കപ്പെടുന്ന വിചാരണ തടവുകാർ, ആദ്യമായി ശിക്ഷിക്കപ്പെട്ടവർ, എന്നിവരെ കൊടുംകുറ്റവാളികളാക്കി മാറ്റുന്ന സാഹചര്യങ്ങൾ ജയിലുകൾക്കുള്ളിൽ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജയിലുകളിൽ ക്രിമിനലുകളായ സ്ഥിരം കുറ്റവാളികൾ, അവർക്ക് ഒത്താശ ചെയ്യുന്ന ഒരു വിഭാഗം ജയിൽ ഉദ്യോഗസ്ഥർ എന്നിവർ പുതിയ തടവുകാരോട് ക്രൂരമായി പെരുമാറി അവരെ സ്ഥിരം കുറ്റവാളികളാക്കുന്ന സാഹചര്യം ജയിലുകളിൽ നിലനിൽക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംഘടിതശക്തി ഉപയോഗിച്ച് നിയമവിരുദ്ധമായ സൗകര്യങ്ങൾ രാഷ്ട്രീയ പാർട്ടികൾ ജയിലിനുള്ളിൽ സൃഷ്ടിക്കുകയും രാഷ്ട്രീയ കൊലപാതകങ്ങൾ, വൻകൊള്ളകൾ എന്നിവയ്ക്കുള്ള ഗൂഢാലോചന നടത്തുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ ഇല്ലാതാക്കാൻ എന്തൊക്കെ പരിഷ്ക്കാരങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ജയിലുകളിലെ മൊബൈൽ ജാമറുകൾ</u>

255 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ ജയിൽ ചട്ടങ്ങൾക്ക് വിരുദ്ധമായ പ്രവർത്തനങ്ങൾ ജയിൽ പുള്ളികൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനധികൃത മൊബൈൽ ഉപയോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ജയിലുകളിൽ മൊബൈൽ ജാമറുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ജയിലുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**ജയിൽ ഉപദേശക സമിതി**

256 ശ്രീ. പി.എ. മാധവൻ
,, പാലോട് രവി
,, ഹൈബി ഈഡൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജയിൽ ഉപദേശക സമിതിയുടെ ഘടനയും ലക്ഷ്യങ്ങളും എന്തെല്ലാമാണ് ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഇവ പുന:സംഘടിപ്പിച്ചിട്ടുണ്ടോ ; ഇപ്പോഴുള്ള സമിതിയുടെ കാലാവധി പൂർത്തീകരിച്ചിട്ടുണ്ടോ ;

(സി) ജയിലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ജയിൽ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നതിനുമായി ജയിൽ ഉപദേശകസമിതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുമോ ;

(ഡി) ജയിൽ ഉപദേശക സമിതിയിൽ പൊതു പ്രവർത്തകരുടെ പട്ടികയിൽ നിന്നും ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ടവരെ ഒഴിവാക്കുന്നതിനും, സാമൂഹ്യ പൊതു പ്രവർത്തന രംഗത്ത് പ്രശസ്തരായവരെയും മെച്ചപ്പെട്ട സേവന പാരമ്പര്യമുള്ള റിട്ട: പോലീസ് ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

**ട്രെയിൻ യാത്രക്കാരായ - സ്ത്രീകളുടെ സുരക്ഷയ്ക്കായി ഹെൽപ്പ്ഡെസ്ക്ക്**

**257** ശ്രീ. വർക്കല കഹാർ
,, കെ. ശിവദാസൻ നായർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ട്രെയിനുകളിൽ യാത്ര ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷയ്ക്ക് പോലീസ് സാന്നിദ്ധ്യം ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ;

(ബി) പ്രമുഖ റെയിൽവേ സ്റ്റേഷനുകളിൽ സ്ത്രീകൾക്കായി ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ; യാത്രക്കിടയിൽ സ്ത്രീകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പ്രസ്തുത ഹെൽപ്പു ഡെസ്ക്കുകൾ വഴി പരിഹരിക്കാൻ എന്തെല്ലാം നിയമോപദേശങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

**ഓപ്പറേഷൻ സ്വീപ്പ് പദ്ധതി**

258

**ശ്രീ. കെ. ശിവദാസൻ നായർ**
**,, വർക്കല കഹാർ**
**,, സണ്ണി ജോസഫ്**
**,, അൻവർ സാദത്ത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ സ്വീപ്പ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതിയുടെ സമ്പൂർണ്ണ വിജയത്തിനായി എല്ലാ ജില്ലകളിലും പരിശോധനയ്ക്കായി ട്രാഫിക് വിഭാഗത്തെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ ഏതെല്ലാം നിയമവ്യവസ്ഥകളനുസരിച്ചാണ് കേസ്സെടുക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**മത്സ്യബന്ധനത്തൊഴിലാളികളുടെ സുരക്ഷ**

259 ശ്രീ. ഹൈബി ഈഡൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇറ്റാലിയൻ കപ്പലിൽ നിന്നുള്ള വെടിവയ്പ്പിന്റെ പശ്ചാത്തലത്തിൽ മത്സ്യബന്ധനത്തിന് പോകുന്ന തൊഴിലാളികളുടെ സുരക്ഷയ്ക്ക് എന്തെല്ലാം സംവിധാനങ്ങളാണ് ആഭ്യന്തര വകുപ്പ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(ബി) വിദേശ രാജ്യങ്ങളിലെ കപ്പലുകളിൽ നിന്നുള്ള ആക്രമണത്തിൽ നിന്നും മത്സ്യബന്ധനത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുവാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

(സി) ഇതിനായി കേന്ദ്ര സർക്കാരിന്റെയും എംബസികളുടെയും സഹകരണം തേടുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**പേരാമ്പ്രയിലെ പോലീസ് ട്രാഫിക് യൂണിറ്റ്**

**260 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് പോലീസ് സ്റ്റേഷനുകൾ ഇല്ലാത്ത തിരക്കുള്ള പട്ടണങ്ങളിൽ ഗതാഗത നിയന്ത്രണത്തിന് ഇപ്പോൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) ഇത്തരം പട്ടണങ്ങളിൽ ട്രാഫിക് യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) പേരാമ്പ്രയിൽ ഇപ്പോൾ പോലീസ് ട്രാഫിക് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത യൂണിറ്റിൽ എത്ര പോലീസുകാർ ജോലി ചെയ്തു വരുന്നു;

(ഇ) ഇത് ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**<u>കാസര്‍ഗോഡ് പോലീസ് സ്റ്റേഷനിലെ ജീവനക്കാരുടെ സേവന ദൈര്‍ഘ്യം</u>**

**261 ശ്രീ. എന്‍. എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

**കാസര്‍ഗോഡ് ടൗണ്‍ പോലീസ് സ്റ്റേഷനില്‍ ഇപ്പോള്‍ ജോലി ചെയ്യുന്ന സബ് ഇന്‍സ്പെക്ടര്‍മാരടക്കം ഉള്ള ഉദ്യോഗസ്ഥര്‍ എത്ര വര്‍ഷമായി പ്രസ്തുത പോലീസ് സ്റ്റേഷനില്‍ ജോലി ചെയ്തുവരുന്നു എന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**<u>സംസ്ഥാനത്തെ തീരദേശ പോലീസ് സ്റ്റേഷനുകള്‍</u>**

**262** **ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര തീരദേശ പോലീസ് സ്റ്റേഷനുകള്‍ പ്രവര്‍ത്തിക്കുന്നു;

(ബി) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം നാളിതുവരെ എത്ര തീരദേശ പോലീസ് സ്റ്റേഷനുകള്‍ ആരംഭിച്ചു; അവയുടെ വിശദാംശം നല്‍കുമോ;

(സി) ചിറയിന്‍കീഴ് നിയോജകമണ്ഡലത്തിലെ അഴൂര്‍ ഗ്രാമപഞ്ചായത്ത് കേന്ദ്രമായി ഒരു തീരദേശ പോലീസ് സ്റ്റേഷന്‍ ആരംഭിക്കാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**തീരദേശ പോലീസ് സ്റ്റേഷനുകളിൽ സുരക്ഷാ ബോട്ടുകൾ**

**263 ശ്രീ. എ. പ്രദീപ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടലിൽ മത്സ്യ ബന്ധനത്തിന് പോകുന്ന തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനായി തീരദേശ പോലീസ് സ്റ്റേഷനുകളിൽ രക്ഷാ ബോട്ടുകൾ ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം തീരദേശ പോലീസ് സ്റ്റേഷനുകളിലാണ് രക്ഷാബോട്ടുകൾ ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**തീരദേശ പോലീസ് സ്റ്റേഷനുകൾ കാര്യക്ഷമമാക്കാൻ നടപടി**

**264 ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ പോലീസ് സ്റ്റേഷനുകൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആലപ്പുഴ ജില്ലയിൽ നിലവിൽ എത്ര തീരദേശ പോലീസ് സ്റ്റേഷനുകൾ ഉണ്ട്; പുതിയവ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ എത്രയെണ്ണം ആരംഭിക്കും;

(സി) ഇതിനായി കേന്ദ്രസർക്കാരിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നത്; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**പുതിയ പോലീസ് സ്റ്റേഷനുകൾ**

**265 ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് പുതുതായി ആരംഭിച്ച പോലീസ് സ്റ്റേഷനുകൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കാമോ; പുതുതായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിക്കപ്പെട്ട കൊയിലാണ്ടി മണ്ഡലത്തിലെ കാപ്പാട് പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ഈ ആവശ്യം ഉന്നയിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആരിൽ നിന്നാണ് ലഭിച്ചത് എന്നും അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**വടകര പോലീസ് സ്റ്റേഷൻ അതിർത്തിക്കുള്ളിൽ നടന്ന അക്രമങ്ങൾ**

**266 ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012 മെയ് മാസത്തിൽ കോഴിക്കോട് ജില്ലയിലെ ചോമ്പാല, ഇടച്ചേരി, വടകര പോലീസ് സ്റ്റേഷൻ അതിർത്തിക്കുള്ളിൽ വീടുകൾക്ക് നേരെ നടന്ന ആക്രമണങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര പരാതികൾ സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടെന്നും എത്ര കേസുകൾ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) എല്ലാ കേസുകളിലും കൂടി പ്രതികളായവരെത്രയെന്നും എത്ര പ്രതികളെ അറസ്റ്റ് ചെയ്തുവെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**മലക്കപ്പാറ പോലീസ് സ്റ്റേഷന് ആധുനിക സൗകര്യങ്ങളോട് കൂടിയ പുതിയ കെട്ടിടം**

**267** ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചാലക്കുടിയിൽ നിന്നും 90 കി.മീ. അകലെ സ്ഥിതിചെയ്യുന്ന, തമിഴ്നാട് അതിർത്തിയോട് ചേർന്ന് കിടക്കുന്നതും, ധാരാളം ടൂറിസ്റ്റുകൾ കടന്നു പോകുന്നതുമായ) മലക്കപ്പാറയിലെ പോലിസ് സ്റ്റേഷൻ നിലവിൽ തീരെ സൗകര്യങ്ങൾ ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) മലക്കപ്പാറ പോലീസ്സേറ്റഷന് ആധുനിക സൗകര്യങ്ങളോടു കൂടിയ പുതിയ കെട്ടിടം നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**<u>ചെറുപുഴ പോലീസ് സ്റ്റേഷന്‍ ആരംഭിക്കുന്നതിന് നടപടികള്‍</u>**

**268 ശ്രീ. സി. കൃഷ്ണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയില്‍ മലയോര പ്രദേശമായ ചെറുപുഴ കേന്ദ്രീകരിച്ച് പോലീസ് സ്റ്റേഷന്‍ ആരംഭിക്കുന്നതിനു വേണ്ടി നിവേദനങ്ങള്‍ ലഭിച്ചിട്ടുണ്ടോ;

(ബി) ചെറുപുഴയില്‍ പോലീസ് സ്റ്റേഷന്‍ ആരംഭിക്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**ഏറ്റുമാനൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ കുറുമുള്ളൂർ പ്രദേശം ഉൾപ്പെടുത്തുന്നതിന് നടപടി**

269 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ കുറുമുള്ളൂർ പ്രദേശംകൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ആവശ്യം സംബന്ധിച്ച് E1/102942/11 നമ്പർ ഫയൽ പ്രകാരം 4/1/2011 ൽ ആവശ്യപ്പെട്ട റിപ്പോർട്ട് ഡി. ജി. പി. സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ആവശ്യം സംബന്ധിച്ച് ഭരണപരവും സാങ്കേതികവുമായ തടസ്സം വല്ലതുമുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**തീരദേശ പോലീസ് സ്റ്റേഷന്റെ പ്രവര്‍ത്തനം**

**270 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)**

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

**കാസര്‍ഗോഡ് ജില്ലയിലെ ആയിറ്റിയില്‍ അനുവദിച്ച തീരദേശ പോലീസ് സ്റ്റേഷന്റെ പ്രവര്‍ത്തനം എപ്പോള്‍ ആരംഭിക്കാന്‍ കഴിയുമെന്ന് വ്യക്തമാക്കാമോ ?**

## കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**അങ്ങാടിപ്പുറത്ത് ഒരു പോലീസ് എയ്ഡ് പോസ്റ്റ്**

271 **ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറത്ത് ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കില്‍ ഇത് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പിടിച്ചിടപ്പെട്ട മണൽ ലോറികൾ</u>

272 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊലീസ് സ്റ്റേഷനുകളിൽ പിടിച്ചിടപ്പെട്ട മണൽ ലോറികൾ നശിച്ചു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മണൽ ലോറികൾ ലേലം ചെയ്ത് ഖജനാവിൽ മുതൽ കൂട്ടാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചിട്ട് ആറുമാസമായെങ്കിലും ഇതിന്മേൽ എന്തുകൊണ്ടാണ് നടപടി ഉണ്ടാകാതിരുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**അഞ്ചല്‍ പോലീസ് സ്റ്റേഷന്‍ കോംപ്ലക്സിന്റെ നിര്‍മ്മാണം**

**273 ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പുനലൂര്‍ നിയോജക മണ്ഡലത്തില്‍ ഉള്‍പ്പെട്ട അഞ്ചല്‍ പോലീസ് സ്റ്റേഷന്‍ കോംപ്ലക്സിന്റെ നിര്‍മ്മാണ നടപടികള്‍ ആരംഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) അഞ്ചല്‍ ഗ്രാമപഞ്ചായത്തിന്റെ ഒരേക്കര്‍ സ്ഥലം പ്രസ്തുത കോംപ്ലക്സ് നിര്‍മ്മാണത്തിനായി പോലീസ് വകുപ്പിനെ ഏല്‍പ്പിച്ചിട്ടുള്ള വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; എങ്കില്‍ കെട്ടിട നിര്‍മ്മാണത്തിനുള്ള അടിയന്തിര നടപടികള്‍ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം</u>

274 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടമില്ലാത്ത എത്ര പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു എന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് ജലസേചനവകുപ്പ് സ്ഥലം വിട്ടുനൽകിയിട്ടുണ്ടോ;

(ഡി) കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് നിലവിലുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ഇ) തടസ്സങ്ങൾ ഒഴിവാക്കി പ്രസ്തുത പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

**മങ്കട മണ്ഡലത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളുടെ അധികാര പരിധി പുന:ക്രമീകരണം**

275 **ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ വിവധ പോലീസ് സ്റ്റേഷനുകളുടെ അധികാര പരിധി പുന:ക്രമീകരിക്കണമെന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുോ?

(ബി) എങ്കിൽ അവയുടെ അധികാര പരിധി പുന:ക്രമീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**<u>പോലീസ് സ്റ്റേഷനുകളിൽ കെട്ടിക്കിടക്കുന്ന വാഹനങ്ങൾ</u>**

**276 ശ്രീ. പി. കെ. ബഷീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **കേരളത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ കിടക്കുന്ന പിടിച്ചെടുക്കപ്പെട്ട വാഹനങ്ങൾ തുരുമ്പെടുത്തും ഭാഗങ്ങൾ മോഷ്ടിക്കപ്പെട്ടും നശിച്ചു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;**

(ബി) **ഉണ്ടെങ്കിൽ ഇത്തരം വാഹനങ്ങൾ ഒരു നിശ്ചിത സമയപരിധി നിശ്ചയിച്ച് ലേലം ചെയ്ത് സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ ;**

(സി) **പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ ?**

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

**<u>ജനമൈത്രി പോലീസ് സ്റ്റേഷനുകൾ</u>**

**277 ശ്രീ. എ.എ. അസീസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര പോലീസ് സ്റ്റേഷനുകളാണ് ജനമൈത്രി പോലീസ് സ്റ്റേഷനുകളാക്കി മാറ്റിയിട്ടുള്ളത്;

(ബി) ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ വരുത്തിയിട്ടുള്ള ഭരണ പരിഷ്കാരങ്ങൾ എന്തൊക്കെയാണ്;

(സി) പോലീസ് സ്റ്റേഷനുകൾ കൂടുതൽ ജനസൗഹൃദ സ്ഥാപനങ്ങളാക്കി മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**പോലീസ് സേന ശക്തിപ്പെടുത്തുന്നതിന് നടപടി**

278 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേന ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) സൈബർ ക്രൈമുകൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവ നിയന്ത്രിക്കുന്നതിന് കൂടുതൽ സൈബർ സെല്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>സ്റ്റുഡന്റ് പോലീസ് സംവിധാനം</u>

279 ശ്രീ. വി. പി. സജീന്ദ്രൻ
,, വി. ടി. ബൽറാം
,, ബെന്നി ബഹനാൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻലും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ് പോലീസ് സംവിധാനം വിപുലമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതിലെ അംഗങ്ങൾക്ക് പോലീസ് സേനയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ വെയിറ്റേജ് നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) മികച്ച സ്റ്റുഡന്റ് പോലീസിന് അവാർഡ് നൽകുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**<u>കേരള പോലീസ് എക്സിക്യൂട്ടീവ് ബ്രാഞ്ചിലെ സബ് ഇൻസ്പെക്ടർമാരുടെ പ്രമോഷൻ</u>**

280 **ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് എക്സിക്യൂട്ടീവ് ബ്രാഞ്ചിലെ സബ് ഇൻസ്പെക്ടർമാരുടെയും പ്രൊമോട്ടഡ് സബ് ഇൻസ്പെക്ടർമാരുടെയും എണ്ണം എത്രയാണ്;

(ബി) സബ് ഇൻസ്പെക്ടർമാരുടെ പ്രമോഷൻ ഏത് റേഷ്യോ അടിസ്ഥാനത്തിലാണ് നടത്തുന്നത്;

(സി) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ എത്ര പ്രൊമോട്ടഡ് സബ് ഇൻസ്പെക്ടർമാരെ സർക്കിൾ ഇൻസ്പെക്ടർമാരായി പ്രൊമോട്ട് ചെയ്തിട്ടുണ്ട്; പ്രസ്തുത കാലയളവിൽ എത്ര ഡയറക്ട് സബ് ഇൻസ്പെക്ടർമാരെ പ്രൊമോട്ട് ചെയ്തിട്ടുണ്ട്;

(ഡി) പ്രൊമോട്ടഡ് സബ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ പൂർണ്ണമായി നികത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദ വിവരം നൽകുമോ ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

ശമ്പള കുടിശ്ശിക പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിന് നടപടി

281 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ശമ്പള പരിഷ്കരണ കുടിശ്ശിക സമയബന്ധിതമായി പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കാത്തതുമൂലം സംസ്ഥാനത്തെ പകുതിയോളം പോലീസുകാർക്ക് പലിശയിനത്തിൽ കോടികളുടെ നഷ്ടം വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2011 ഫെബ്രുവരി 28-ന് നിലവിൽ വന്ന ശമ്പള പരിഷ്കരണ ഉത്തരവിന്റെ പ്രയോജനം മേൽപ്പറഞ്ഞ നഷ്ടം പരിഹരിച്ച് പോലീസുകാർക്ക് ഉടനടി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**<u>കാസർഗോഡ് ജില്ലയിലെ സാമൂഹ്യവിരുദ്ധരുടെ ആക്രമണം</u>**

**282** **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **ഈ സർക്കാർ അധികാരമേറ്റ ശേഷം കാസർഗോഡ് ജില്ലയിൽ വർഗ്ഗീയകലാപം ലക്ഷ്യമിട്ടുള്ള സാമൂഹ്യവിരുദ്ധരുടെ എത്ര ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ;**

(ബി) **ഇവയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ആരൊക്കെയാണ് പ്രതികൾ ; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; വിശദമാക്കാമോ ;**

(സി) **മേല്പറഞ്ഞ പ്രകാരമുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങളും അറിയിക്കാമോ ?**

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>നബിദിനാഘോഷറാലിയുമായി ബന്ധപ്പെട്ട് പട്ടാളവേഷം ധരിച്ച് ഘോഷയാത്ര നടത്തിയ സംഭവം</u>

283 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നബിദിനാഘോഷ റാലിയുമായി ബന്ധപ്പെട്ട് പട്ടാളവേഷം ധരിച്ച് ഘോഷയാത്ര നടത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിൽ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്;

(സി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) കേസ്സിലെ പ്രതികൾ ആരൊക്കെ; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ഇ) ഈ കേസ്സിലെ പ്രതികൾ മറ്റേതെങ്കിലും കേസ്സുകളിൽ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

തടിയന്റവിട ഷമീം രക്ഷപ്പെട്ടു എന്ന വാർത്ത

284 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിക്കപ്പെട്ട തടിയന്റവിട ഷമീം എന്നയാൾ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം വഴി രക്ഷപ്പെട്ടു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ വാർത്ത ശരിയാണോ വ്യക്തമാക്കാമോ ;

(ബി) ഈ സംഭവത്തിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തുന്നുണ്ടോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**സുരേഷ്ബാബുവിനെ ആക്രമിച്ച സംഭവം**

285 **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ പടിഞ്ഞാറ് താമസക്കാരനായ സുരേഷ്ബാബുവിനെ ബേക്കൽ കുന്നിൽ വച്ച് ആക്രമിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) കേസ്സിലെ പ്രതികൾ ആരൊക്കെയാണ്; ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ഈ കേസ്സിലെ പ്രതികൾ മറ്റേതെങ്കിലും കേസ്സിലെ പ്രതികളാണോ; എങ്കിൽ ഏതൊക്കെ കേസ്സുകളിൽ; വിശദാംശങ്ങൾ നൽകുമോ;

(ഇ) പ്രസ്തുത കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**കാസർഗോഡ് ജില്ലയിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകൾ**

**286 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ വർഗ്ഗീയ സംഘർഷങ്ങൾ, രാഷ്ട്രീയ സംഘർഷങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെയുള്ള അക്രമങ്ങൾ, ബാലപീഡനം, ഭവന ഭേദനം, കളവ് എന്നീ വിഭാഗങ്ങളിൽപ്പെട്ട കേസ്സുകൾ എത്ര വീതം ഉണ്ടെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് ഉണ്ടായ വർഗ്ഗീയ സംഘർഷങ്ങൾ</u>

287 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് എത്ര വീതം വർഗ്ഗീയ സ്വഭാവമുള്ള കേസുകളും തീവ്രവാദ സ്വഭാവമുള്ള കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് എത്ര വർഗ്ഗീയ സംഘർഷങ്ങളുണ്ടായെന്നും അവയിൽ എത്ര പേർ കൊല്ലപ്പെട്ടെന്നും എത്ര പേർക്ക് പരിക്കേറ്റെന്നും ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**എം. വി. പ്രഭുദയ കപ്പലിലെ ക്യാപ്റ്റന് ആലപ്പുഴ ഡി. വൈ. എസ്. പി. ഓഫീസിൽ വിരുന്നൊരുക്കിയ സംഭവം**

**288 ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എം. വി. പ്രഭുദയ കപ്പലിലെ ക്യാപ്റ്റൻ ഗോൾഡൻ പെരേരയ്ക്ക് ഈസ്റ്റർ ദിനത്തിൽ ആലപ്പുഴ ഡി. വൈ. എസ്. പി. ഓഫീസിൽ വിരുന്നൊരുക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സംഭവത്തിൽ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിൽ താഴെത്തട്ടിലുള്ള ചില പോലീസ് ഉദ്യോഗസ്ഥരുടെമേൽ കുറ്റം ചുമത്തി ഗുരുതരമായ കുറ്റംചെയ്ത ഉന്നത പോലീസ് ഉദ്യോഗസ്ഥരെ രക്ഷിക്കുകയായിരുന്നുവെന്നും ഈ കേസ് തേച്ച് മാച്ച് കളയുവാൻ ഉന്നതങ്ങളിൽ ശ്രമം നടക്കുന്നുവെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**എൻ്റിക്കലെക്സിയുമായുള്ള കേസിൻ്റെ ഇപ്പോഴത്തെ അവസ്ഥ**

**289** **ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇറ്റാലിയൻ കപ്പലായ എൻ്റിക്കലെക്സിയിൽ നിന്നുള്ള വെടിയേറ്റ് രണ്ട് മത്സ്യത്തൊഴിലാളികൾ മരിച്ച സംഭവത്തിൽ കേരളത്തിന് കേസെടുക്കാൻ അധികാരമില്ലെന്ന് കേന്ദ്രസർക്കാർ സുപ്രീം കോടതിയിൽ വെളിപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ;

(സി) ഇതിനെതിരെ സർക്കാർ എന്തു വാദമാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ഡി) കേസിൻ്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**സുപ്രീംകോടതിയിൽ ഇറ്റാലിയൻ കടൽക്കൊലയാളികളെ രക്ഷിക്കാനുതകുന്ന വാദമുഖം**

290 ശ്രീ. പി. കെ. ഗുരുദാസൻ
,, എം. ഹംസ
,, രാജു എബ്രഹാം
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളെ കടലിൽ വെടിവെച്ചുകൊന്ന് പൂജപ്പുര സെൻട്രൽ ജയിലിൽ കഴിഞ്ഞുവരുന്ന ഇറ്റാലിയൻ നാവികരെ മോചിപ്പിക്കാനും കപ്പൽ വിട്ടുകിട്ടുന്നതിന് വേണ്ടിയും സുപ്രീംകോടതിയിൽ ഫയൽ ചെയ്യപ്പെട്ട കേസിൽ, സുപ്രീംകോടതി ഗവൺമെന്റ് നിലപാടിനെ വിമർശിക്കാനിടയായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നുവോ;

(ബി) മരിച്ചവർ ഇന്ത്യാക്കാരാണെന്നത് മറക്കരുതെന്ന് സുപ്രീം കോടതി വിമർശിക്കാനിടയായ സാഹചര്യം എന്തായിരുന്നുവെന്ന് സർക്കാരിനറിയാമോ;

(സി) ഈ കേസിൽ കേരള സർക്കാർ നിയോഗിച്ച അഭിഭാഷകനെ തിടുക്കത്തിൽ മാറ്റാനിടയായ സാഹചര്യം എന്തായിരുന്നു;

(ഡി) സുപ്രീംകോടതിയിൽ ഇറ്റാലിയൻ കടൽക്കൊലയാളികളെ രക്ഷിക്കാനുതകുന്ന വാദമുഖം അവതരിപ്പിച്ച കേന്ദ്രസർക്കാരിന്റെ നിലപാട് സംസ്ഥാന സർക്കാരിന്റെ അറിവോടുകൂടിയതാണോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**റിമാൻഡിലായ ഇറ്റാലിയൻ സൈനികർക്കെതിരെ സുവ പ്രകാരം നടപടി**

291 **ശ്രീ. എ. കെ. ശശീന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കടൽക്കൊലക്കേസിൽ റിമാൻഡിലായ ഇറ്റാലിയൻ സൈനികർക്കെതിരെ കപ്പലോട്ട നിയമമായ 'സുവ' പ്രകാരം കേസ് എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ 'സുവ' പ്രകാരം കേസ്സെടുക്കാനുള്ള തടസ്സം എന്താണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ഇറ്റാലിയൻ നാവികർക്കെതിരെയുള്ള നിയമ നടപടി</u>

292 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കടലിലെ വെടിവെയ്പ് കേസിൽ ഇറ്റാലിയൻ നാവികർക്കെതിരായ നിയമ നടപടികളും ഹർജികളിലെ വാദങ്ങളും പിൻവലിക്കപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുണ്ടായ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികൾ കൊല്ലപ്പെട്ട സംഭവം നടന്നത് എത്ര നോട്ടിക്കൽ മൈലിനകത്താണെന്ന് വ്യക്തമാക്കാമോ; വെടിവെച്ചവർക്കെതിരെ പോലീസ് എടുത്ത ക്രിമിനൽ കേസ്സുകൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(സി) മരണപ്പെട്ടവരുടെ ബന്ധുക്കളും ഇറ്റലിക്കാരും തമ്മിൽ കോടതിക്ക് പുറത്ത് കരാറുണ്ടാക്കിയതും അതിനായി നടന്ന പ്രവർത്തനങ്ങളും അന്വേഷണത്തിന്റെ ഭാഗമായിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) നാവികർക്കെതിരെയുള്ള കേസ്സുകൾ റദ്ദാക്കുന്നതിനായുള്ള ഹർജികളിന്മേൽ സംസ്ഥാന പോലീസ് സ്വീകരിച്ച നിലപാട് വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പിൻവലിച്ച കേസ്സുകൾ</u>

293 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കേസ്സുകൾ കോടതിയിൽ നിന്നും പിൻവലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കേസുകളിൽ സംസ്ഥാനത്തെ മന്ത്രിമാരോ, എം.എൽ.എ.മാരോ, എം. പി.മാരോ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**സി. ബി.ഐ അന്വേഷണം ആവശ്യപ്പെട്ട കേസ്സുകൾ**

**294 ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചുകൊണ്ട് സി. ബി.ഐ അന്വേഷണം ആവശ്യപ്പെട്ട കേസുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നോട്ടിഫിക്കേഷനുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ കാലയളവിൽ സംസ്ഥാനത്ത് ഹൈക്കോടതിയുടെയോ, സുപ്രീംകോടതിയുടെയോ ഉത്തരവിനെ തുടർന്ന് നടത്തുന്ന സി. ബി.ഐ അന്വേഷണങ്ങൾ ഏതൊക്കയാണ്; വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പിൻവലിക്കപ്പെട്ട ക്രിമിനൽകേസുകൾ</u>

295 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ക്രിമിനൽ കേസുകൾ പിൻവലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസുകൾ ഏതെല്ലാമാണെന്നും അവയിലെ പ്രതികളുടെ വിശദാംശങ്ങളും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

**മാൻമിസ്സിംഗ് കേസ്സുകൾ**

296 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര മാൻമിസ്സിംഗ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ പുരുഷന്മാരുടെയും സ്ത്രീകളുടേയും കുട്ടികളുടേയും ഇനം തിരിച്ചുള്ള കണക്കും വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>സി. ബി. ഐ. അന്വേഷണത്തിന് വിട്ട കേസ്സുകള്‍</u>

297 ശ്രീ. കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം സി. ബി. ഐ. അന്വേഷണത്തിന് വിട്ട കേസ്സുകള്‍ ഏതൊക്കെയാണെന്നും, അവ ഓരോന്നും സംബന്ധിച്ച് പുറപ്പെടുവിച്ച നോട്ടിഫിക്കേഷന്‍ കേന്ദ്ര സര്‍ക്കാരിന് അയച്ചുകൊടുത്തിട്ടുള്ളത് ഏതെല്ലാം തീയതികളിലാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നോട്ടിഫിക്കേഷനുകളുടെ ഓരോ പകര്‍പ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ക്രൈംബ്രാഞ്ചിനും സി. ബി. ഐ.യ്ക്കും കൈമാറിയ കേസുകള്‍</u>

298 **ശ്രീ. കോടിയേരി ബാലകൃഷ്ണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര ക്രൈം കേസുകള്‍ റജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം എത്ര കേസുകള്‍ ക്രൈം ബ്രാഞ്ചിനും സി. ബി. ഐ .യ്ക്കും കൈമാറിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഏതൊക്കെ കേസുകളാണ് ക്രൈം ബ്രാഞ്ചിനും സി. ബി. ഐ.യ്ക്കും കൈമാറിയതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**ഇ- മെയിൽ വിവാദം**

299 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ
,, റ്റി. എൻ. പ്രതാപൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇ- മെയിൽ വിവാദവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ ഇതുവരെ എടുത്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച കേസ്സന്വേഷണം ക്രൈംബ്രാഞ്ച് ആരംഭിച്ചിട്ടുണ്ടോ;

(സി) ആർക്കൊക്കെയെതിരെയാണ് കേസ്സ് എടുത്തിട്ടുള്ളത്;

(ഡി) കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ഇ-മെയിൽ ചോർത്തൽ നിർദ്ദേശിച്ച രഹസ്യരേഖ</u>

300

ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇ-മെയിൽ ചോർത്താൻ നിർദ്ദേശിക്കുന്ന രഹസ്യരേഖ പുറത്തുവിട്ട കേസിൽ അന്വേഷണം പൂർത്തിയായോ;

(ബി) ആരൊക്കെയാണ് പ്രതിപ്പട്ടികയിലുള്ളതെന്നും അതിൽ എത്ര പ്രതികളെ പിടികൂടിയെന്നും വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**സൈബർ കുറ്റകൃത്യങ്ങളിന്മേലുള്ള നടപടി**

301 **ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങളുടെ അനുപാതത്തിനനുസൃതമായി അനുബന്ധ വിഭാഗത്തിന്റെ വിപുലീകരണത്തിന് നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലയിൽ എത്ര പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

ബാലകൃഷ്ണപിള്ളയുടെ ഫോൺ വിളികൾ

302 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തടവിലിരിക്കെ ആർ. ബാലകൃഷ്ണപിള്ള ആർക്കെല്ലാം ഫോൺ ചെയ്തിരുന്നുവെന്നും, മന്ത്രിമാർ ഉൾപ്പെടെ ആരെല്ലാം ബാലകൃഷ്ണപിള്ളയെ വിളിച്ചിരുന്നു വെന്നും അന്വേഷണം നടത്തുകയുണ്ടായോ;

(ബി) തടവിലിരിക്കേ ആർ. ബാലകൃഷ്ണപിള്ളയുമായി ഫോണിൽ ബന്ധപ്പെട്ടവരുടെ നമ്പറുകൾ വെളിപ്പെടു ത്താമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**<u>തടവുകാരുടെ ഫോൺ വിളികൾ</u>**

303 **ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ തടവിൽ കഴിയുന്നവരും പരോളിൽ ഇറങ്ങിയവരുമായ ആരെല്ലാം ഈ സർക്കാരിലെ ഏതെല്ലാം മന്ത്രിമാരെയും പേഴ്സണൽ സ്റ്റാഫ് അംഗങ്ങളേയും ഫോണിൽ ബന്ധപ്പെട്ടിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ;

(സി) ആർ. ബാലകൃഷ്ണ പിള്ള തടവിൽ കഴിയുമ്പോൾ മുഖ്യമന്ത്രി, മന്ത്രിമാർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ എന്നിവരിൽ ആരെയെല്ലാം എത്ര തവണ വീതം ഫോണിൽ ബന്ധപ്പെടുകയുണ്ടായി;

(ഡി) ഇതിൽ വാളകം സംഭവത്തിന് തൊട്ട് മുമ്പും ശേഷവും നടത്തിയ ഫോൺ വിളികൾ ഏതൊക്കെയായിരുന്നു?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**കുറ്റവാളികളായ പോലീസ് ഉദ്യോഗസ്ഥര്‍**

304 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിന് ശേഷം ക്രിമിനല്‍ കുറ്റം ചെയ്തിട്ടുള്ള എത്ര പോലീസ് സേനാംഗങ്ങളുടെ പേരില്‍ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) കുറ്റവാളികളായ പോലീസ് ഉദ്യോഗസ്ഥരുടെ ലിസ്റ്റ് തയ്യാറായിട്ടുണ്ടെങ്കില്‍ അവരുടെ പേര് വിവരവും അവരുടെ മേല്‍ സ്വീകരിച്ച നടപടിയും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**കള്ളനോട്ട് കേസിൽ പോലീസുദ്യോഗസ്ഥരുടെ ഇടപെടൽ**

305 **ശ്രീ. എ. പ്രദീപ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പുതിയങ്ങാടി സൗഹൃദം വീട്ടിൽ മുസാഫർ എന്നയാളെ കള്ളനോട്ട് സഹിതം പിടികൂടിയ സംഭവവുമായി ബന്ധപ്പെട്ട് കസബ പോലീസ് രജിസ്റ്റർ ചെയ്ത ക്രൈംനമ്പർ 484/2011 കേസിന്റെ അന്വേഷണത്തിലും തുടർ നടപടികളിലും ഉണ്ടായ അപാകത മൂലം പ്രതിക്ക് എളുപ്പത്തിൽ ജാമ്യം കിട്ടിയതുമായി ബന്ധപ്പെട്ട് ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതലത്തിൽ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ശിക്ഷാനടപടിയുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**സര്‍ക്കാര്‍ ജീവനക്കാരെപ്പറ്റി രഹസ്യവിവരം**

306 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ജീവനക്കാരെപ്പറ്റി പോലീസ് രഹസ്യവിവരം ശേഖരിക്കുന്നു എന്ന വാര്‍ത്ത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ നിജസ്ഥിതി വെളിപ്പെടുത്താമോ;

(സി) ഇതിന്റെ ഉദ്ദേശമെന്തെന്ന് വ്യക്തമാക്കുമോ; എത്ര ശതമാനം ജീവനക്കാരെ സംബന്ധിച്ച വിവരങ്ങള്‍ ഇതിനകം ശേഖരിക്കുകയുണ്ടായി?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

**ഇടനിലക്കാരൻ നന്ദകുമാറിനെതിരെയുള്ള കേസുകൾ**

307 ശ്രീ. കെ. ശിവദാസൻ നായർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിവാദ ഇടനിലക്കാരൻ നന്ദകുമാറിനെതിരെയുള്ള കേസ്സുകൾ സി. ബി.ഐ അന്വേഷണത്തിന് വിട്ടുകൊണ്ട് ഉത്തരവിറങ്ങിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ; എങ്കിൽ വിശദമാക്കുമോ;

(ബി) എന്തെല്ലാം വിഷയങ്ങളാണ് സി. ബി.ഐ അന്വേഷണത്തിന് വിധേയമാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) മുൻ സർക്കാരിലെ ഉന്നതന്മാർക്ക് കേസിലുള്ള പങ്കാളിത്തം സി. ബി.ഐ അന്വേഷണത്തിന് വിധേയമാക്കുമോ;

(ഡി) പ്രസ്തുത ഉന്നതന്മാർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

**പൊതുയോഗപ്രസംഗങ്ങളിലെ പരാമർശങ്ങളെ ആധാരമാക്കി കേസ്**

308 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, എസ്. രാജേന്ദ്രൻ
,, സാജു പോൾ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊതുയോഗങ്ങളിൽ രാഷ്ട്രീയനേതാക്കൾ നടത്തുന്ന പ്രസംഗങ്ങളിലെ പരാമർശങ്ങളെ ആധാരമാക്കി കേസ് രജിസ്റ്റർ ചെയ്യാൻ സർക്കാർ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇത് മന്ത്രിമാർക്കും ജനപ്രതിനിധികൾക്കും ബാധകമാണോ; എങ്കിൽ ഏതെല്ലാം നിലയിലുളള പരാമർശങ്ങൾക്കെതിരെയാണ് കേസെടുക്കാൻ നിർദ്ദേശിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസംഗങ്ങളിലെ പരാമർശങ്ങൾക്കെതിരെ ആരുടെയെങ്കിലും പേരിൽ പോലീസ് കേസെടുത്തിട്ടുണ്ടോ; എങ്കിൽ ആരുടെയൊക്കെ പേരിലാണ് കേസെടുത്തിട്ടുളളത്;

(സി) മുൻമന്ത്രി എം. എം. ഹസ്സൻ, പാർലമെന്റ് അംഗം കെ. സുധാകരൻ, കണ്ണൂർ ഡി. സി. സി. പ്രസിഡന്റ് പി. രാമകൃഷ്ണൻ, പി. കെ. ബഷീർ എം. എൽ. എ. എന്നിവർ പൊതുയോഗങ്ങളിലും വാർത്താ സമ്മേളനങ്ങളിലും ക്രിമിനൽ കുറ്റത്തിന് പ്രേരിപ്പിച്ചും ആഹ്വാനം നൽകിയും പ്രസംഗിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുളളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ കേസെടുക്കുകയുണ്ടായോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**<u>ഇടുക്കി ജില്ലയിലെ രാഷ്ട്രീയ പ്രതിയോഗികളുടെ കൊലപാതകം</u>**

309 ശ്രീ. എ. റ്റി. ജോര്‍ജ്
,, വര്‍ക്കല കഹാര്‍
,, കെ. അച്ചുതന്‍
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഇടുക്കി ജില്ലയിലെ രാഷ്ട്രീയ പ്രതിയോഗികളുടെ പട്ടിക തയ്യാറാക്കി കൊലപ്പെടുത്തിയെന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തില്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏതൊക്കെ വകുപ്പു പ്രകാരം ആര്‍ക്കൊക്കെ എതിരെയാണ് കേസ്സെടുക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം കേസ്സുകളിലാണ് പുനരന്വേഷണം നടത്താന്‍ ഉദ്ദേശിക്കുന്നത്;

(ഡി) കൊലപ്പട്ടികയില്‍ ഉള്‍പ്പെട്ടിട്ടുള്ള ജീവിച്ചിരിക്കുന്നവര്‍ക്ക് പോലീസ് സംരക്ഷണം ഏര്‍പ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

**നിയമവ്യവസ്ഥയെ വെല്ലുവിളിച്ചുകൊണ്ടുള്ള സംഘടനകൾ**

310 **ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ**
**,, കെ. മുഹമ്മദുണ്ണി ഹാജി**
**,, എം. ഉമ്മർ**
**,, പി. ബി. അബ്ദുൾ റസാഖ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് നിലവിലുള്ള നിയമവ്യവസ്ഥയെ വെല്ലുവിളിച്ചുകൊണ്ട് ചില സംഘടനകൾ സ്വയം സൃഷ്ടിച്ച നിയമങ്ങൾ നടപ്പാക്കുകയും അണികളെ അക്രമങ്ങൾ നടത്താൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷം പരിശോധിച്ചിട്ടുണ്ടോ;

(ബി) നിയമ വ്യവസ്ഥകൾ മറികടക്കുകയും അനുസരിക്കാതിരിക്കുകയും ചെയ്യുന്നത് നിയമവാഴ്ച തകരാറാകും എന്ന ഭീതി ജനങ്ങളിൽ ഉളവാക്കാൻ കാരണമാകുമെന്നത് പരിഗണിച്ച് നിയമ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ അഭിപ്രായ രൂപീകരണം നടത്താൻ രാഷ്ട്രീയ പാർട്ടികളുടെയും, സാമൂഹ്യ, സാംസ്കാരിക പ്രവർത്തകരുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചു ചേർക്കുമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

**അനധികൃതമായി സംസ്ഥാനത്ത് താമസിക്കുന്ന വിദേശികൾ**

311 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇന്ത്യ സന്ദർശിക്കാനെത്തിയ വിദേശികളിൽ എത്ര പേരാണ് അനുവദിച്ച സന്ദർശന കാലാവധിക്ക് ശേഷവും കേരളത്തിൽ താമസിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരെ തിരിച്ചയയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്താക്കുമോ;

(സി) ഇപ്രകാരം അനധികൃതമായി സംസ്ഥാനത്ത് താമസിക്കുന്നവർ ഏതൊക്കെ രാജ്യങ്ങളിലുള്ളവരാണെന്ന് വ്യക്താക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ആരാധനാലയങ്ങൾ വഴി സംഘടനകളുടെ പണപ്പിരിവ്</u>

312 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരാധനാലയങ്ങൾ വഴി ഏതെങ്കിലും സംഘടനകൾ പണപിരിവ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആരാധനാലയങ്ങളെ പണപിരിവിനുപയോഗിച്ചവർക്കെതിരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ എണ്ണവും അവ സംബന്ധിച്ച വിശദാംശങ്ങളും വെളിപ്പെടുത്താമോ;

(സി) മേല്പ്പറഞ്ഞ രീതിയിൽ പണം സ്വരൂപിക്കുന്നവർക്കെതിരെ ഏതെല്ലാം നിയമങ്ങൾ അനുസരിച്ച് ഏതെല്ലാം ശിക്ഷകൾ ഉണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

### സംസ്ഥാനത്ത് മാവോയിസ്റ്റുകളെ നേരിടാൻ സ്വീകരിക്കുന്ന നടപടി

313 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
'' എ. റ്റി. ജോർജ്
'' ഷാഫി പറമ്പിൽ
'' വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജാർഖണ്ഡ്, ഒഡീഷ, ഛത്തിസ്ഗഡ് എന്നിവിടങ്ങളിൽ നിന്നുള്ള മാവോവാദി ബന്ധമുള്ളവരുടെ സാന്നിദ്ധ്യം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) മാവോയിസ്റ്റുകളെ നേരിടാൻ വനം വകുപ്പുമായി ചേർന്ന് ഒളിയുദ്ധമുറയിൽ പ്രാവീണ്യമുള്ള പ്രത്യേക കമാൻഡോ വിഭാഗം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദ വിവരം ലഭ്യമാക്കാമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**കള്ളനോട്ടു കേസുകളിൽ പ്രതികളാകുന്ന നിരപരാധികൾ**

**314 ശ്രീ. എൻ.എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കള്ളനോട്ടു കേസുകളിൽ പലപ്പോഴും നിരപരാധികളാണ് പ്രതിസ്ഥാനത്ത് വരുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരക്ഷരരായ കർഷകർ, ചെറുകിട കച്ചവടക്കാർ, വഴി വാണിഭക്കാർ എന്നിവർക്ക് ലഭിക്കുന്ന നോട്ടുകളിൽ കള്ളനോട്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവർ പ്രതികളാക്കപ്പെടുന്ന അവസ്ഥ പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സാഹചര്യങ്ങളിൽ അറിയാതെ കേസിൽ പെട്ടുപോകുന്നവർക്ക്, നിരപരാധിത്വം തെളിയിക്കുന്നതിനായി നോട്ടുകിട്ടിയത് ആരിൽ നിന്നാണെന്ന് പറഞ്ഞുകൊടുക്കാൻ സാധിക്കാത്ത അവസ്ഥയിൽ അവർ ശിക്ഷിക്കപ്പെടുന്നത് ഒഴിവാക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**സൈൻ ബോർഡ് അഴിമതികേസ്**

315 ശ്രീ. വി. എസ് സുനിൽ കുമാർ
,, സി. ദിവാകരൻ
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സൈൻ ബോർഡ് അഴിമതികേസ് എന്നാണ് രജിസ്റ്റർ ചെയ്തത്, ഈ കേസുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെ അന്വേഷണം നടന്നിട്ടുണ്ട്;

(ബി) ടെൻഡർ വിളിക്കാതെ സൈൻ ബോർഡിന് കരാർ നൽകിയതിനു പിന്നിൽ വൻ അഴിമതി നടന്നിട്ടുണ്ടെന്നുള്ള ആക്ഷേപത്തെക്കുറിച്ച് ഏതെല്ലാം രീതിയിലുള്ള അന്വേഷണം നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത അന്വേഷണങ്ങളുടെ വെളിച്ചത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>വ്യാജ മുദ്രപത്രം ഹാജരാക്കി തട്ടിപ്പ് നടത്തിയ സംഭവം</u>

316 ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വ്യാജമുദ്രപത്രം കോടതിയില്‍ ഹാജരാക്കി തട്ടിപ്പ് നടത്തിയ കേസില്‍ അന്വേഷണം പൂര്‍ത്തിയായോ ;

(ബി) കേസില്‍ എത്ര പ്രതികളുണ്ട് ; അവര്‍ ആരൊക്കെയാണ് ; എല്ലാവരേയും അറസ്റ്റ് ചെയ്തിട്ടുണ്ടോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>വിദേശ കമ്പനി നടത്തിയ സർവ്വേ</u>

317 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

തിരുവനന്തപുരത്ത് തീരദേശമേഖലയിൽ കപ്പിനുള്ളിലും സോപ്പിനുള്ളിലും ചിപ്പ് ഉപയോഗിച്ച്കൊണ്ട് വിദേശ കമ്പനി സർവ്വേ നടത്തിയതിന് സർക്കാരിന്റേയോ ആരോഗ്യവകുപ്പിന്റേയോ അനുമതി വാങ്ങിയിരുന്നോ; ഇതിനായുള്ള അനുമതി നൽകിയത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>മുൻ മുഖ്യമന്ത്രിയുടെ ബന്ധുവിന് ഭൂമി അനുവദിച്ച നടപടി</u>

318 ശ്രീ. എം. പി. വിൻസെന്റ്
,, പാലോട് രവി
,, ഹൈബി ഈഡൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രി തന്റെ ബന്ധുവിന് വഴിവിട്ട് ഭൂമി അനുവദിച്ചതു സംബന്ധിച്ച അന്വേഷണത്തി ന്മേലുള്ള ശുപാർശകൾ ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ആരൊക്കെയാണ് ഇതിൽ ഉൾപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഏതു നിയമപ്രകാരം കേസ്സ് രജിസ്റ്റർ ചെയ്യണമെന്നാണ് ശുപാർശയിൽ വ്യക്തമാക്കിയിട്ടുള്ളത് ;

(ഡി) വിജിലൻസ് ശുപാർശയിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്നും ഇതിന്റെ നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**സപ്ലൈകോയിൽ മുൻസർക്കാരിന്റെ (2001-2006) കാലത്ത് നടന്ന അഴിമതി**

**319 ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ മുൻസർക്കാരിന്റെ (2001 -2006)കാലത്ത് നടന്ന അഴിമതികളെക്കുറിച്ച് സി.ബി.ഐ അന്വേഷണം നടത്തുകയും പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തതിനുശേഷമുള്ള തുടർനടപടികൾ ഏതു ഘട്ടത്തിലാണ് ;

(ബി) എത്രപേരുടെ പേരിൽ നടപടികൾ സ്വീകരിച്ചു ; 2001 മുതൽ 2006 വരെയുള്ള കാലയളവിൽ നടന്ന അഴിമതി അന്വേഷണ നടപടികൾ വൈകാൻ കാരണം എന്താണ് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**ഇലഞ്ഞിമരങ്ങള്‍ വെട്ടി നശിപ്പിച്ചവര്‍ക്കെതിരെ നടപടികള്‍**

**320 ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ചാലക്കുടി മുനിസിപ്പല്‍ ഓഫീസിനു മുന്‍പില്‍ പൊതുമരാമത്ത് റോഡരുകില്‍ സ്വാതന്ത്ര്യത്തിന്റെ സുവര്‍ണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നട്ടുവളര്‍ത്തിയ ഇലഞ്ഞിമരങ്ങള്‍ വെട്ടി നശിപ്പച്ചവര്‍ക്കെതിരെ കേസ്സെടുത്തിട്ടുണ്ടോ;

(ബി) എങ്കില്‍ പ്രതികളെ അറസ്റ്റ് ചെയ്ത് നിയമ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ എന്നും കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ലാവ്‌ലിൻ കേസിന്റെ അന്വേഷണം</u>

321 ശ്രീ. ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ലാവ്‌ലിൻ കേസിന്റെ അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രതിപട്ടികയിൽ ആരെയെല്ലാമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) കേസ് സംബന്ധിച്ച് വിചാരണ തുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

**പോലീസ് പീഡനത്തിൽ മനംനൊന്ത് ആത്മഹത്യ**

**322** **ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പോലീസ് പീഡനത്തിൽ മനംനൊന്ത് ആത്മഹത്യ ചെയ്ത കിളിമാനൂർ സ്വദേശിയും ആദിവാസിവിഭാഗത്തിൽപ്പെട്ട ബാങ്ക് ജീവനക്കാരനുമായ സുധാകരന്റെ മരണത്തെപ്പറ്റി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനം സംബന്ധിച്ച് എന്ത് നടപടിയാണ് കൈകൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) സുധാകരന്റെ കുടുംബത്തിന് എന്തെങ്കിലും നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) മണ്ണന്തല പോലീസ് സ്റ്റേഷനിൽ വച്ചുണ്ടായ സംഭവത്തിൽ പ്രസ്തുത സ്റ്റേഷനിൽ ജോലിചെയ്തിരുന്ന പോലീസുകാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**ക്രിമിനൽ കേസുകൾ പിൻവലിക്കുന്നതിന് നിരാക്ഷേപപത്രം നൽകൽ**

323 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്രിമിനൽ കേസുകൾ പിൻവലിക്കുന്നതിന് നിരാക്ഷേപപത്രം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കേസുകൾ പിൻവലിക്കുന്നതിനാണ് അനുമതി നൽകിയതെന്നും അവ ഏതെല്ലാം സ്വഭാവത്തിലുള്ളവയാണെന്നും വിശദമാക്കാമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>പുതിയ കോടതികൾ സ്ഥാപിക്കുന്നതിന് നടപടി</u>

324 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിന് മുൻഗണനാ ലിസ്റ്റ് നിലവിലുണ്ടോ; ഈ ലിസ്റ്റ് എപ്പോഴാണ് പുതുക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മുൻഗണനാ ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) അങ്കമാലിയിൽ മുൻസിഫ്/മജിസ്ട്രേറ്റ് കോടതി ആരംഭിക്കാനുള്ള ഹൈക്കോടതി ശുപാർശ നടപ്പാക്കുന്നതിലെ കാലതാമസം വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളുടെ ആധുനികവൽക്കരണം**

325 ശ്രീ. പി.സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളുടെ പ്രവർത്തനം ആധുനിക വൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പുതിയ ഫയർ സ്റ്റേഷനുകൾക്ക് അനുമതി നൽകി;

(സി) ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളിലെ ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിനും ആധുനിക ഉപകരണങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക</u>

326 **ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിൽ നിന്നും കേരളത്തിന് പ്രതിവർഷം അനുവദിക്കപ്പെട്ട 10 കോടി രൂപ 2011-12 സാമ്പത്തിക വർഷത്തിൽ ലഭ്യമായിട്ടുണ്ടോ എന്നറിയിക്കുമോ ;

(ബി) ഈ തുക അഗ്നിശമന സേന എങ്ങനെയാണ് ഉപയോഗപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പുതിയ ഫയർ സ്റ്റേഷനുകൾ</u>

327 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് പ്രാദേശിക ആവശ്യകത പരിഗണിച്ച് മുൻ സർക്കാർ തയ്യാറാക്കിയ മുനഗണനാ പട്ടിക ഇപ്പോൾ സർക്കാരിന്റെ പരിഗണന യിലുണ്ടോ; മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പ്രസ്തുത നടപടികളുടെ തുടർച്ചയായി ഈ സർക്കാർ എന്തെല്ലാം നടപടികൾ ആണ് ഈ വിഷയത്തിൽ സ്വീ കരിച്ചതെന്ന് വിശദീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കാൻ സ്വീകരിച്ചിട്ടുള്ള മാനദണ്ഡ ങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; എവിടെയെ ല്ലാമാണ് പുതിയ ഫയർ സ്റ്റേഷനുകൾ അനുവദിച്ചത്;

(സി) കൊയിലാണ്ടിയിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കണ മെന്നാവശ്യപ്പെട്ട് ഏതെങ്കിലും നിവേദനങ്ങൾ ലഭിച്ചി ട്ടുണ്ടോ; ആരിൽ നിന്നെല്ലാമാണ് നിവേദനം ലഭിച്ചത്; എപ്പോഴാണ് ലഭിച്ചത് വ്യക്തമാക്കുമോ;

(ഡി) ഇതിന്മേൽ സർക്കാർ എന്ത് നടപടികളാണ് സ്വീകരി ച്ചത് ; വിശദീകരിക്കുമോ?

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

## പുതിയ ഫയർ സ്റ്റേഷനുകൾ

328

**ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **പ്രാദേശിക ആവശ്യകത പരിഗണിച്ച് പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി മുൻ സർക്കാർ തയ്യാറാക്കിയ മുൻഗണനാ പട്ടിക ഇപ്പോൾ നിലവിലുണ്ടോ;**

(ബി) **ഈ പട്ടിക പ്രകാരമാണോ ഇപ്പോൾ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ;**

(സി) **അല്ലെങ്കിൽ ഇതിനായി ഇപ്പോൾ സ്വീകരിക്കുന്ന മാനദണ്ഡമേതെന്ന് വ്യക്തമാക്കുമോ ?**

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**<u>മഞ്ചേരി, നറുകര ഫയർ സ്റ്റേഷനുകൾ</u>**

**329 ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ പ്രവർത്തനമാരംഭിക്കാനുദ്ദേശിക്കുന്ന ഫയർ സ്റ്റേഷന്റെ സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നുണ്ടോ;

(ബി) നറുകര വില്ലേജിൽ നിർമ്മിക്കുന്ന ഫയർ സ്റ്റേഷനിൽ എന്തെല്ലാം ആധുനിക സൗകര്യങ്ങളാണ് സജ്ജമാക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത ഫയർ സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>അങ്കമാലി ഫയർ & റെസ്ക്യൂ സ്റ്റേഷന്റെ പ്രവർത്തനം</u>

330 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ഫയർ & റെസ്ക്യൂ സ്റ്റേഷനിൽ ജീവനക്കാരുടെ കുറവ് മൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത സ്റ്റേഷനിലെ പഴക്കം ചെന്ന വാഹനങ്ങളും ഉപകരണങ്ങളും മാറ്റാത്തതുമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പുതിയവ അനുവദിക്കുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) അങ്കമാലി ഫയർ & റെസ്ക്യൂ സ്റ്റേഷനിൽ ഫയർ എഞ്ചിനുകളിൽ വെള്ളം നിറയ്ക്കുന്നതിനാവശ്യമായ ഹൈഡ്രന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**പെരിങ്ങോം ഫയര്‍ & റെസ്ക്യൂ സ്റ്റേഷന്‍**

331 **ശ്രീ. സി. കൃഷ്ണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പയ്യന്നൂര്‍ നിയോജക മണ്ഡലത്തില്‍ പെരിങ്ങോം ഫയര്‍ & റെസ്ക്യൂ സ്റ്റേഷനില്‍ വാഹനങ്ങളുടെയും ജീവനക്കാരുടെയും അപര്യാപ്തത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ ആയത് പരിഹരിക്കുന്നതിന് നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

അടൂർ ഫയർ & റസ്ക്യൂ സ്റ്റേഷന്റെ പ്രവർത്തനം

332 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അടൂർ ഫയർ & റസ്ക്യു സ്റ്റേഷനിൽ അനുഭവപ്പെടുന്ന വാഹനസൗകര്യത്തിന്റെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിലേക്ക് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പേരാമ്പ്ര ഫയർ & റെസ്ക്യൂ സ്റ്റേഷൻ</u>

333

### ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ഫയർ & റെസ്ക്യൂ സ്റ്റേഷനിൽ ഇപ്പോൾ എത്ര വാഹനങ്ങൾ ഉണ്ടെന്നും ഏതൊക്കെ എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് കൂടുതൽ വാഹനങ്ങൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) സ്റ്റേഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**അഗ്നിശമന സേനയിലെ നിലവിലുള്ള ഒഴിവുകൾ**

334 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അഗ്നിശമനസേനയിൽ നിലവിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകളുണ്ട് ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

വിജിലൻസ് കേസുകളുടെ എണ്ണം

335 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി എത്ര വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര വിജിലൻസ് കേസുകൾ പിൻവലിക്കുന്നതിന് നിരാക്ഷേപ പത്രം നൽകിയിട്ടുണ്ടെന്നും, എത്ര കേസുകളിൽ പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>വിജിലൻസ് കേസ്സുകൾ</u>

336 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിജിലൻസ് കോടതികളിൽ നിന്നും റഫർ ചെയ്ത ഏതെല്ലാം കേസുകളിൽ വിജിലൻസ് അന്വേഷണം നടത്തി വരുന്നുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഏതെല്ലാം കേസ്സുകൾ ഏതെല്ലാം ഉദ്യോഗസ്ഥന്മാരുടെ അന്വേഷണത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(സി) ഏതെങ്കിലും കേസ്സിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**വിജിലൻസ് അന്വേഷണം നേരിടുന്ന മന്ത്രിമാർ**

337 **ശ്രീ. എ. പ്രദീപ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ മന്ത്രിസഭയിൽ വിജിലൻസ് അന്വേഷണം നേരിടുന്നവരും വിജിലൻസ് കേസിൽ ഉൾപ്പെട്ടിട്ടുള്ളവരുമായ മന്ത്രിമാർ എത്രയാണ് ആരൊക്കെയാണ് ബന്ധപ്പെട്ട മന്ത്രിമാർ;

(ബി) ഏതെല്ലാം കേസുകളിലും വിജിലൻസ് അന്വേഷണത്തിലുമാണിവർ ഉൾപ്പെട്ടിട്ടുള്ളത്;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം അന്വേഷണം പൂർത്തിയാക്കിയ, ഏതെങ്കിലും കേസിൽ ഏതെങ്കിലും മന്ത്രിയുടെ പേരിലുള്ള ആരോപണം തെളിയിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ; എങ്കിൽ ഏത് കേസിൽ ഏത് മന്ത്രിയുടെ കാര്യത്തിലെന്നറിയിക്കുമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

**ദേശീയപാതയിൽ സൈൻബോർഡ് സ്ഥാപിച്ചതിലെ അഴിമതി**

338 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)
,, വി. ചെന്താമരാക്ഷൻ
,, ബി.ഡി. ദേവസ്സി
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെ ദേശീയ പാതയിൽ സൈൻബോർഡ് സ്ഥാപിച്ചതിലെ അഴിമതിയും ക്രമക്കേടുമായി ബന്ധപ്പെട്ട വിജിലൻസ് കേസ് എഴുതിത്തള്ളാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) സ്വകാര്യപങ്കാളിത്തത്തോടെ ദേശീയപാതയിൽ സൈൻ ബോർഡ് സ്ഥാപിക്കുന്നതിനായുള്ള കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങൾ മറികടന്നുകൊണ്ടായിരുന്നു കരാർ നൽകിയിരുന്നത് എന്നും എത്ര കോടി രൂപയുടെ അഴിമതി ആരോപണമാണ് ഉന്നയിക്കപ്പെട്ടതെന്നും വ്യക്തമാക്കാമോ ;

(സി) വിജിലൻസ് അന്വേഷണസംഘം നൽകിയ അന്തിമ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) കേസ് പിൻവലിക്കാൻ വിജിലൻസ് കോടതി മുമ്പാകെ ഹർജി സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**പാമോയിൽ അഴിമതി കേസിൽ വിജിലൻസ് അന്വേഷണം**

339 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. ഇ. പി. ജയരാജൻ
,, കെ. വി. വിജയദാസ്
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാമോയിൽ അഴിമതി കേസിൽ വിജിലൻസിന്റെ അഭ്യർത്ഥനയെ തുടർന്ന് തിരുവനന്തപുരത്തെ വിജിലൻസ് കോടതി തുടരന്വേഷണം അനുവദിച്ചിരുന്നുവോ ;

(ബി) എങ്കിൽ തുടരന്വേഷണത്തിൽ അന്നത്തെ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയുടെയും സെക്രട്ടറിയുടെയും മൊഴികളിൽ ഉന്നയിക്കപ്പെട്ട സംഗതികൾ പ്രത്യേകം പരിശോധിക്കപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) തുടരന്വേഷണം നടത്താൻ ഉത്തരവിട്ട കോടതിയിൽ തന്നെ പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കാൻ പറ്റാതിരുന്ന സാഹചര്യം എന്തായിരുന്നു എന്ന് വിശദമാക്കാമോ ;

(ഡി) മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ട ഒരു തുടരന്വേഷണം നടത്തുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനും ഈ വേളയിൽ മുഖ്യമന്ത്രി തൽസ്ഥാനത്ത് തുടരുന്നതു മൂലം അന്വേഷണ സംഘത്തിനുണ്ടായ പ്രയാസങ്ങൾ പരിഗണിക്കുകയുണ്ടായോ ;

(ഇ) പാമോയിൽ അഴിമതി കേസിന്റെ ഇപ്പോഴത്തെ നില എന്താണെന്ന് വിശദമാക്കാമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം
2012 ജൂൺ 2.

പി. കെ. മുരളീധരൻ,
സെക്രട്ടറി - ഇൻ - ചാർജ്